സ്വാമിയുടെ അമ്മയുടെ അമ്മാമനായി കൊച്ചനാശാൻ എന്ന പേരായി ഒരു മഹായോഗ്യൻ ഉണ്ടായിരുന്നു. താളിയോലയിൽ ഗ്രന്ഥങ്ങൾ പകർത്തിയെഴുതുന്നതിൽ തനിക്കുണ്ടായിരുന്ന അസാമാന്യ പാടവം നിമിത്തം അദ്ദേഹത്തെ "എഴുത്തൻ കൊച്ചനാശാൻ" എന്നായിരുന്നു എല്ലാവരും വിളിച്ചുവന്നതു്. ഇദ്ദേഹം ഒരു നിത്യബ്രഹ്മചാരിയായിരുന്നുവെന്നാണ് അറിയുന്നതു്. അദ്ദേഹമായിരുന്നുവത്രെ മണക്കൽ ഭഗവതിക്ഷേത്രം പ്രതിഷ്ഠിച്ചിരുന്നതു്. അദ്ദേഹത്തെപ്പററി ഒരു മാന്യൻ ഇങ്ങിനെ എഴുതിയിരിക്കുന്നു—"തിരുവനന്തപുരം, ചിറയിൻകീഴ്, നെയ്യാററിൻകര മുതലായ താലൂക്കുകളിലെ പല വീട്ടുകളിലും ഇന്നും കാണാവുന്ന താളിയോല ഗ്രന്ഥങ്ങൾ ഒട്ടുമുക്കാലും ഈ മഹാന്റെ കൈയക്ഷരമാണ്. നാരായണഗുരുസ്വാമിയുടെ ആകൃതിക്ക് അദ്ദേഹത്തിന്റെ ആകൃതിയുമായി വളരേ സാദൃശ്യമുണ്ടെന്നാണു പറഞ്ഞറിയുന്നതു്. സ്വാമിയുടെ ജനനത്തിനു രണ്ടുകൊല്ലംമുമ്പു തന്റെ 72-ാം വയസ്സിൽ അദ്ദേഹം കാലധർമ്മം പ്രാപിച്ചു."

കേരള കാളിദാസൻ എന്നു, പ്രസിദ്ധമായി അറിയപ്പെടുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ "മൃഗയാസ്മരണകൾ" പലരും വായിച്ചിരിക്കുമല്ലോ. അവിടത്തെ നായാട്ടു ശീലിപ്പിച്ച ഒരു വൃദ്ധനെപ്പററി അതിൽ പറയുന്നുണ്ടു്. ആ വൃദ്ധൻ സ്വാമിയുടെ അമ്മയുടെ അച്ഛൻ ആയിരുന്നുവത്രെ.

അച്ഛനമ്മമാർ ശിശുവിന്നു നാരായണൻ എന്നത ന്നേയായിരുന്നു പേർ വിളിച്ചിരുന്നതെങ്കിലും അതിൻെറ ചുരുക്കപ്പേരായ "നാണു" എന്നാണു പതിവനുസരിച്ച് ഓമനപ്പേരായി എല്ലാവരും വിളിച്ചുവന്നതു്.

ബാലനായിരുന്ന കാലത്തു നമ്മുടെ ചരിത്രനായക ൻെറ സ്വഭാവം എന്തായിരുന്നുവെന്ന് അറിവാൻ പലരും ജിജ്ഞാസയുള്ളവരായിരിക്കും മഹാകവി കുമാരനാശാൻ എഴുതി 1090 മേടംലക്കം വിവേകോദയത്തിൽ തുടങ്ങി പ രസ്യം ചെയ്ത ജീവചരിത്രസംഗ്രഹത്തിൽ പറഞ്ഞിട്ടുള്ളതു്, "സ്വാമി കുട്ടിക്കാലത്തു ശാന്തനായിരുന്നില്ല; ചൊടിപ്പുള്ള ഒരു കുട്ടിയായിരുന്നു; ചില സംഗതിയിൽ ഒരുവിധം വികൃ തിയായിരുന്നുവെന്നുതന്നെ പറയാം" എന്നാണു്. എ ന്നാൽ അവയ്ക്കു പറഞ്ഞിരിക്കുന്ന ഉദാഹരണങ്ങൾ ഇവയാ ണു്:—"വീട്ടിൽ പൂജക്കായി ഒരുക്കിവെക്കുന്ന പഴവും പ ലഹാരങ്ങളും പൂജ കഴിയുന്നതിന്നുമുമ്പ് എടുത്തു ഭക്ഷിച്ചു കളയുന്നതിൽ കുട്ടി അസാമാന്യമായ കൌതുകം കാണിച്ചു. താൻ സന്തോഷിച്ചാൽ ദൈവവും സന്തോഷിക്കും എന്നു പറയുകയും തൻെറ ആ കൃത്യത്തെ തടയുവാൻ ശ്രമിക്കു ന്നവരെ എങ്ങിനെയെങ്കിലും ആ ബാലൻ തോല്പിക്കുകയും ചെയ്യും. തീണ്ടാൻ പാടില്ലാത്ത കീഴ്ജാതിക്കാരെ ദൂരത്തു് എവിടെയെങ്കിലും കണ്ടാൽ ഓടി എത്തി അവരെ തൊ ട്ടിട്ടു, കുളിക്കാതെ അടുക്കളയിൽ കടന്നു സ്ത്രീകളേയും അധി കം ശുദ്ധം ആചരിക്കാറുള്ള പുരുഷന്മാരേയും തൊട്ടു്

അത്ഭുതമാക്കുന്നതു കൂട്ടിക്ക രസകരമായ ഒരു വിനോദമായിരുന്നു."

ഈ വിവരണം വായിച്ചാൽ പ്രായം തികഞ്ഞു കാര്യശേഷിയും മററുള്ള എല്ലാ ഗുണങ്ങളും ഉണ്ടായിക്കഴിഞ്ഞശേഷം അവയ്ക്കനുസരിച്ചു ജനതതിയുടെ മതസംബന്ധമായും സമുദായസംബന്ധമായും ഉള്ള അഭിവൃദ്ധിയെ പുരസ്കരിച്ചു ചെയ്യപ്പോന്ന പ്രവൃത്തികളായി പൊങ്ങിപ്പടൎന്നു തഴച്ചുനിന്നു കാണുന്ന വൻമരത്തിന്റെ അങ്കുരമായിരുന്നു ആ ചൊടിപ്പും വികൃതിയും എന്നു മനസ്സിലാക്കാം.

എന്നാൽ വിദ്വാനും സരസകവിയും ആയ മൂലൂർ എസ്. പത്മനാഭ പണിക്കർ അവർകൾ സ്വാമിയെപ്പററി എഴുതിയ സ്മരണകളിൽ തന്റെ സഹജമായ ഗംഭീരരീതിയിൽ ഇങ്ങിനെ പ്രസ്താവിച്ചുകാണുന്നു:—"സ്വാമി പഞ്ചവാൎഷികനായിരുന്ന കാലത്തും കൎമ്മളായമാനമായ സാത്വിക ലക്ഷണം തന്നിൽ പ്രകാശിച്ചിരുന്നുവെന്ന് അവിടത്തെ സവയസ്സുകളായ ചെമ്പഴന്തിക്കാർ പലരും പറയുകേട്ടിട്ടുണ്ട്. സ്വഭാവസംസ്കാരമുണ്ടായിരുന്ന വയസ്യന്മാരുടെ സാഹചര്യത്തെ മാത്രമേ അന്ന് അവിടുന്നു സ്വീകരിക്കാറുണ്ടായിരുന്നുള്ളു. ബാലചാപല്യംനിമിത്തം സംഭവിക്കാവുന്ന കുസൃതികൾ ഒന്നിലും താൻ ഏൎപ്പെട്ടിരുന്നില്ല."

പ്രഥമദൃഷ്ടിയിൽ മറിച്ചു തോന്നിയാലും ഈ രണ്ടു വിദ്വാന്മാരുടേയും അഭിപ്രായങ്ങൾ അന്യോന്യ വിരുദ്ധ

ങ്ങറം അല്ല. എന്നു മാത്രമല്ല, പണിക്കർ അവർകറം പറഞ്ഞപോലെ, "കശ്മലായമാനമായ സാത്വിക ലക്ഷണങ്ങളോടുകൂടിയ" ബാലൻ, ആശാൻ അവർകറം രേഖപ്പെടുത്തിയതുപോലെ ജാതിസംബന്ധമായ ശുദ്ധാശുദ്ധത്തിലും അപരിഷ്കൃതമായ ഈശ്വരാരാധനക്രമത്തിലും അഭിപ്രായവ്യത്യാസത്തെ പ്രദശിപ്പിച്ചുകൊണ്ടു കാണിച്ച "വികൃതികറം" വിളയുടെ ഗുണം മുളയിൽത്തന്നെ കാണിച്ചതാണെന്നേ ഞങ്ങറം വിചാരിക്കുന്നുള്ളു.

നമ്മുടെ ചരിത്രനായകനു ദീനദയാലുത്വവും അധൎമ്മ വിമുഖതയും സഹജമായിരുന്നുവെന്നും അവയെ ചെറുപ്പത്തിൽത്തന്നെ പ്രദശിപ്പിച്ചിരുന്നുവെന്നും ഉള്ളതിന്നു സംശയമില്ല. ഒരിക്കൽ പള്ളിക്കൂടത്തിൽനിന്നു, സഹപാഠികളോടുകൂടി മടങ്ങിപ്പോകുമ്പോറം, വഴിക്കൽവെച്ച് എല്ലാവരും ഒരു സന്ന്യാസിയെ കണ്ടുമുട്ടി. അദ്ദേഹത്തിൻെറ അപൂൎവ്വ വേഷത്തിൽ കുട്ടികറംക്കു പുതുമ തോന്നുകയും ബാലസ്വഭാവമനുസരിച്ച് അവരിൽ ചിലർ സന്ന്യാസിയെ കല്ലെറിയുകയും ചെയ്തു. പിന്നീടു മഹാനായ ഒരു സന്ന്യാസിയും കേരളത്തിൽ ഒരു സന്ന്യാസിസംഘത്തിൻെറ കത്താവും ആയിത്തീരേണ്ടുന്ന ബാലൻ ഇതു കണ്ടു സഹിച്ചില്ല. എന്നാൽ അധൎമ്മം പ്രവത്തിച്ചവരെ ശാസിക്കുവാനോ, തടുക്കുവാനോ ശേഷിയില്ലാതെ, കുട്ടി പൊട്ടിക്കരയുകയാണു ചെയ്തതു്. സന്ന്യാസി ഇതു കണ്ടു കുട്ടിയുടെ അടുത്തു

ചെന്നു സാന്ത്വനം പറഞ്ഞു്, അവനെ തോളിൽ എടുത്തു വീട്ടിൽ കൊണ്ടുപോയാക്കി.

അദ്ധ്യാത്മ വിഷയത്തിലേക്കു മനുഷ്യനെ സ്വയമേവ ഒന്നാമതു പ്രവേശിപ്പിക്കുന്നതു മരണത്തേയും മരണശേഷമുള്ള അവസ്ഥയേയും പററിയുള്ള ചിന്തയാണെന്നു പറയപ്പെട്ടിരിക്കുന്നു. അതാണു മഹാകവി, ശ്മശാനത്തെപ്പററി "ഇവിടമാണദ്ധ്യാത്മവിദ്യാലയം" എന്നു പറഞ്ഞതു്. ഇങ്ങിനേയുള്ള അദ്ധ്യാത്മവിദ്യാലയത്തിലെ ചിന്താജനകമായ പാഠാരംഭവും ചെറുപ്പത്തിൽത്തന്നെ സ്വാമിക്കു് ഉണ്ടായിരുന്നു. കുട്ടിക്കു് ആറു വയസ്സു പ്രായമായിരുന്ന കാലത്തു സ്വഗൃഹത്തിൽ ഒരു മരണം ഉണ്ടായി. ശവസംസ്കാരം കഴിഞ്ഞു പിറേറദിവസം കുട്ടിയെ വീട്ടിൽ കണ്ടില്ല. സമീപസ്ഥലങ്ങളിലൊക്കെ അന്വേഷിച്ചിട്ടും കുട്ടിയെ കാണായ്കയാൽ വീട്ടിലുള്ളവരൊക്കെ വളരെ പരിഭ്രമിച്ചു. അങ്ങിനെയിരിക്കുമ്പഴാണു പാടത്തിൽ ജോലിക്കാരനായ ഒരു പുലയൻ, ഓടിച്ചെന്നു, കുട്ടി ഒരു മൂഠംക്കാട്ടിൽ തനിയേ ഇരിക്കുന്നുണ്ടെന്നുള്ള വിവരം വീട്ടിൽ അറിയിച്ചതു്. ഉടനേ ചിലർ പോയി കുട്ടിയെ വീട്ടിൽ എടുത്തുകൊണ്ടുവന്നു. എന്തിനാണു സ്വകാര്യം മൂഠംക്കാട്ടിൽ പോയി ഇരുന്നതെന്നു ചോദിച്ചപ്പോൾ കുട്ടി സാവധാനത്തിൽ പറഞ്ഞ മറുവടിയുടെ സാരം ഇതായിരുന്നു:—"മിനിഞ്ഞാന്നു് ഇവിടെ മരണം ഉണ്ടായപ്പോൾ നിങ്ങളെല്ലാവരും ദുഃഖിച്ചു കര

ഞ്ഞുകൊണ്ടിരുന്നു. ഇന്നലെ ചിരിയും കളിയുമായി. അതു് കണ്ടിട്ടാണു ഞാൻ കാട്ടിൽ പോയി ഇരുന്നുകളഞ്ഞതു്."

സ്വാമിയുടെ കുട്ടിക്കാലത്തെപ്പററി അധിക വിവരം അറിവാൻ പ്രയാസമാണെങ്കിലും അറിഞ്ഞേടത്തോളം സംഗതികളിൽനിന്നു, യോഗവിദ്യാഭ്യാസത്തിൻെറ ആദ്യ പാഠങ്ങളായ യമനിയമങ്ങൾ അവിടത്തേക്കു ജന്മനാ സ്വാധീനമായിരുന്നുവെന്നു തീച്ച്പ്പെടുത്തുന്നതിൽ യാതൊന്നും സംശയിക്കുവാനില്ല.

വിദ്യാഭ്യാസം.

ബാലനെ അഞ്ചാം വയസ്സിൽതന്നെ എഴുത്തിന്നിരുത്തി. കുട്ടികളെ വിദ്യാരംഭം ചെയ്യിക്കുന്നതു വല്ലവരും ആയാൽ പോരാ; പ്രസിദ്ധ വിദ്വാന്മാരായിരിക്കേണം. അതാതു ദേശത്തു് അദ്ധ്യാപക വേലയിൽ ഏപ്പെട്ടു പഴക്കവും തഴക്കവും സിദ്ധിച്ച ആളെ ആയിരിക്കും ഇതിന്നു സാധാരണ ശരണം പ്രാപിക്കുക. എന്നാൽ അതു് ഉയന്ന ജാതിക്കാരൻ ആയിരുന്നാൽ അധികം ഗുണമുണ്ടെന്നു ഇടക്കാലം വരെ ജനങ്ങൾ വിശ്വസിച്ചു പ്രവത്തിച്ചിരുന്നു. ചെമ്പഴന്തിയിൽ ചരിത്രപ്രസിദ്ധമായ തറവാട്ടുമാഹാത്മ്യവും പ്രമാണിത്വവും പാവ്വത്യക്കാരൻ എന്ന ഉദ്യോഗംകൊണ്ടു ജനസ്വാധീനവും ഉള്ള ആളും ഒരു ജോത്സ്യനായിരുന്നതി

നാൽ വിദ്യാസമ്പന്നനാണെന്നു സമ്മതിക്കപ്പെട്ട മാന്യ നും ആയിരുന്ന ചെമ്പഴന്തി മൂത്തപിള്ളയുടെ അടുക്കലായിരുന്നു കുട്ടി വിദ്യാരംഭം ചെയ്തിരുന്നതു്. പഠിപ്പൊക്കെ അന്നേത്തെ രീതിക്കു് അനുസരിച്ചുതന്നെ നടന്നു. മലയാളം കൂട്ടിവായിക്കുവാൻ ശീലിച്ചശേഷം പഴയ നടവടിപ്രകാരം സിദ്ധരൂപം ബാലപ്രബോധം അമരം മുതലായവ മനഃപാഠം പഠിക്കുകയായി. പഠിക്കുന്നതു് അതിശീഘ്രം മനസ്സിലാക്കുവാനും മനസ്സിലായതു ദൃഢമായി ഉറപ്പിക്കുവാനും തക്ക ബുദ്ധിശക്തിയും ധാരണാശക്തിയും സ്വാമിക്കു ചെറുപ്പത്തിലേ സ്വാധീനമായിരുന്നു. മലയാളം കൂട്ടിവായിക്കുവാൻ ശീലിച്ചതോടുകൂടിത്തന്നെ തമിഴും പഠിച്ചിരുന്നുവെന്നു് ഒരു മാന്യൻ പറഞ്ഞതിൽ എത്രമേൽ വാസ്തവമുണ്ടെന്നു് അറിഞ്ഞുകൂടാ. തിരുവിതാംകൂറിൽ തമിഴിന്നു്, അക്കാലങ്ങളിൽ വിശേഷിച്ചും, പ്രാധാന്യം ഉണ്ടായിരുന്നതിനാൽ, സ്വാമിയെ തമിഴുഭാഷയും ചെറുപ്പത്തിലേ പഠിപ്പിച്ചിട്ടുണ്ടായിരിക്കാം. ഏതായാലും സ്വാമിക്കു തമിഴിൽ അസാമാന്യമായ പാണ്ഡിത്യം ഉണ്ടായിരുന്നുവെന്നും ആ ഭാഷയിൽ പലേ കാവ്യങ്ങളും നിർമ്മിച്ചിരുന്നുവെന്നും ഉള്ളതു പ്രസിദ്ധമാണല്ലൊ. സ്വാമിക്കു തമിഴിൽ അറിവു സിദ്ധിക്കുവാൻ കാരണമായതിനെപ്പററി അവിടുത്തെ ഒരു സന്യാസി ശിഷ്യൻ ഇങ്ങിനെ എഴുതിയിരിക്കുന്നു:—

"തമിഴു, സ്വാമി ആരുടേയും അടുക്കൽ പോയി പ

ിച്ചതായി അറിവില്ല. തിരുവനന്തപുരത്തു ചാലയിൽ ഒരു പാണ്ടിക്കാരൻെറ വകയായി തമിഴപുസ്തകങ്ങൾ വില്ക്കുന്നുള്ള ഒരു ഷാപ്പുണ്ടായിരുന്നു. സ്വാമികൾ സാധുവൃത്തി കൈക്കൊണ്ടു, ഭിക്ഷാന്നത്താൽ ജീവിതം നയിച്ചുവന്ന കാലത്തു് ആ ഷാപ്പിൽ പോയി ഇരിക്കുക പതിവായിരുന്നു. അന്നു പാണ്ടിക്കാരും നാഞ്ചനാട്ടുപിള്ളമാരും ആയിരുന്നു ഭൂരിപക്ഷവും സ്വാമിക്കു സ്നേഹപൂർവ്വം ഭിക്ഷ നൽകിവന്നവർ. അവർ അധികവും നിവസിച്ചിരുന്നതു, ചാലയിലും ചുററുമുള്ള പ്രദേശങ്ങളിലും ആയിരുന്നു. സ്വാമികൾ ഭിക്ഷ കഴിഞ്ഞു ഷാപ്പിൽ പോയിരിക്കും. ഷാപ്പുകാരനു സ്വാമികളെ വളരെ ഇഷ്ടമായിരുന്നു. അയാൾ ഷാപ്പിൽനിന്നു വല്ല ദിക്കിലും പോകുന്നതു, സ്വാമികളെ ഏല്പിച്ചായിരിക്കും. അപ്പോൾ പുസ്തകങ്ങൾ സ്വാമികൾതന്നെ വില്ക്കും. ആ ഷാപ്പിലുള്ള പുസ്തകങ്ങളെല്ലാം ആറു മാസംകൊണ്ടു സ്വാമികൾ വായിച്ചുതീർത്തു. തോൽകാപ്പിയം, നന്നൂൽ, മണിമേകലൈ, ചിലപ്പതികാരം, കന്ദപുരാണം, തേമ്പാവണി, തിരുക്കുറൾ, ഒഴിവിലൊടുക്കം, ദേവാരം, തിരുവാചകം മുതലായ പ്രധാന ഗ്രന്ഥങ്ങളെല്ലാം, സ്വാമികൾക്കു ഹൃദിസ്ഥമായിരുന്നു. തിരുക്കുറളിലും, ഒഴിവിലൊടുക്കത്തിലും ഉള്ള സൂത്രങ്ങളെല്ലാം സ്വാമികൾ പലപ്പോഴും ഉദ്ധരിക്കാറുണ്ടായിരുന്നു. മാണിക്കവാചികസ്വാമികൾ എഴുതിയ തിരുവാചകം സ്വാമികൾക്കു വളരേ പ്രിയമാണ്. അതിലെ കവിതകൾ അലങ്കാരപൂർണ്ണവും പലം

പ്രതിസാരമുള്ളതും രസാവഹവും ആണ്. തമിഴ വേദമെന്നു പറയപ്പെടുന്ന തേവാരത്തിന്നും തിരുവാചകത്തിന്നും സ്വാമികൾ പറയുന്ന വിശേഷാൎത്ഥങ്ങൾ കേട്ടു ആസ്വദിപ്പാൻ പണ്ഡിതന്മാർതന്നെ വേണം. ഒരു മഹാ പണ്ഡിതനായിരുന്ന സുന്ദരംപിള്ള (എം. എ., എം. ആർ. എ. എസ്.) സ്വാമികളുടെ വാഗമൃതത്തെ ധാരാളം ആസ്വദിച്ചിട്ടുള്ള ഒരു സാക്ഷിയായിരുന്നു. തമിഴ പണ്ഡിതന്മാർ തേവാരത്തിന്നും തിരുവാചകത്തിന്നും അൎത്ഥം പറവാൻ ഒരുമ്പെടുകപോലും ചെയ്യാറില്ല. "അതു വേദമാണ്, ദൈവവാക്യമാണ്, മനുഷ്യർ അതിനു് അൎത്ഥം പറയുവാൻ തുനിയുന്നതു സാഹസമാണ്, അസാദ്ധ്യമാണ്, അഗ്രാഹ്യമാണ്" എന്നൊക്കെയാണ് അവരുടെ മതം. ഇങ്ങിനെയുള്ള "ദൈവവാക്യങ്ങൾ"ക്കു ആശ്ചൎയ്യകരമാംവണ്ണം സുസ്പഷ്ടമായ അൎത്ഥം പറയുന്ന സ്വാമികൾ അവൎക്കു ദൈവമല്ലാതെ പിന്നെ ആരാണ്?"

തമിഴ ഭാഷ, സ്വാമികൾ എവിടുന്നു പഠിച്ചിരുന്നതായാലും അതു നല്ലവണ്ണം പഠിച്ചറിഞ്ഞിരുന്നുവെന്നും അതിൽ ശരിയായ പാണ്ഡിത്യം സിദ്ധിച്ചിരുന്നുവെന്നും ഉള്ളതിന്നു സന്ദേഹമില്ല.

മേല്പറഞ്ഞ പ്രകാരം സിദ്ധരൂപം അമരകോശം മുതലായവയൊക്കെ പഠിച്ചതിന്നുശേഷം പിള്ളമാരോടുകൂടി തന്നെ ചില ചെറു കാവ്യങ്ങളും വായിച്ചു. അതിൽ ഉ

പരിയായ പഠിപ്പിന്നു സ്വദേശത്തു സൌകര്യം ഇല്ലാതിരുന്നതിനാലും പുറമെ വല്ല ദിക്കിലും പോയി പാൎത്തു പഠിക്കത്തക്ക പ്രായം തികയാഞ്ഞതിനാലും കുട്ടിയുടെ പഠിപ്പു തല്ക്കാലം നിറുത്തുകയാണു ചെയ്തതു്.

പഠിപ്പു നിറുത്തിയശേഷം രക്ഷിതാക്കളുടെ ആജ്ഞയനുസരിച്ചു ബാലൻ ഗോപാലവൃത്തി ആരംഭിക്കേണ്ടതായിവന്നു; വീട്ടിലുള്ള കന്നുകാലികളെ മേയ്ക്കുവാൻ കാലായങ്ങളിലും കാട്ടുപ്രദേശങ്ങളിലും പോകുക പതിവായി. ആ സമയങ്ങളിൽ താൻ പറങ്കിമാവുകളുടെ കവരങ്ങളിൽ കയറിയിരുന്നു ശ്ലോകങ്ങൾ ഉരുവിട്ടു പഠിക്കാറുണ്ടായിരുന്നുവെന്നു സ്വാമികൾതന്നെ പിന്നീടു, പൂൎവ്വസ്മരണയിൽനിന്നുണ്ടായ സന്തോഷത്തെ സൂചിപ്പിച്ചുകൊണ്ടു പറയാറുണ്ടു്. കുമാരനാശാൻ അവർകൾ എഴുതിയ ചരിത്രത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—"സ്വാമികൾ മദ്ധ്യാഹ്നകാലത്തു വൃക്ഷങ്ങളുടെ തണലുകളിൽ കയറിയിരുന്നു നീലവൎണ്ണമായ ആകാശത്തെ നോക്കി മനോരാജ്യംചെയ്കയും സംസ്കൃതശ്ലോകങ്ങൾ ഉരുവിട്ടു പഠിക്കുകയും പതിവായിരുന്നു."

അന്നു "ബാലനായ നമ്മുടെ വിദ്യാൎത്ഥിതന്നെ കുളത്തിന്റെ രീതിയിൽ ഒരു കിണർ വെട്ടിയുണ്ടാക്കിയിരുന്നു. അതിൽ ഇപ്പഴും വളരെ വെള്ളമുണ്ടു്. വളരെ ജനങ്ങൾ ഇന്നും അതിൽനിന്നു വെള്ളം കോരി ഉപയോഗിക്കുന്നു," എന്നു മറെറാരു ശിഷ്യൻ എഴുതിയിരിക്കുന്നു. ബാലൻ

അന്ന് ഏൎപ്പെട്ടിരുന്ന മറെറാരു വിനോദം തന്നെത്താൻ വെററിലക്കൊടി നട്ടുനനച്ചു വളൎത്തിയതായിരുന്നു. അതിനെപ്പററിയും "സ്വാമി പലപ്പോഴും പറഞ്ഞു രസിക്കാറുണ്ട്."

ഇങ്ങിനെയുള്ള ജോലികളിൽ ഏൎപ്പെട്ടിരുന്നുവെങ്കിലും സ്വാമികൾ അന്നു സ്വഗൃഹത്തിൽവെച്ചു സമയമുള്ളപ്പോഴൊക്കെ പിതാവിന്റെയും മാതുലനായ കൃഷ്ണൻ വൈദ്യന്റെയും കീഴിൽ സംസ്കൃതവും വൈദ്യവും പഠിച്ചുകൊണ്ടിരുന്നുവെന്നു കാണുന്നു.

കന്നുകാലികളെ മേക്കുവാൻ മാത്രമല്ല, പാടങ്ങൾ ഉഴാനും കൃഷ്ണൻ വൈദ്യർ തന്റെ മരുമകനെ നിയോഗിച്ചിരുന്നു. അപ്പോൾ, "മാട്ടിനെ പൂട്ടിക്കെട്ടി കലപ്പ കൈയ്യിൽ ഏല്പിച്ചാൽ കാളകൾ പോകുന്ന വഴിക്കു പുറകെ താനും പോകുമെന്നല്ലാതെ, കാളയെ അടിക്കുകയോ നേരെ ഉഴുകയോ ചെയ്യുന്ന സമ്പ്രദായം കുട്ടിക്ക് ഉണ്ടായിരുന്നില്ല."

ഇവിടെ അല്പം വിളംബിച്ച്, ഈ നിലയിൽ സ്വാമിയുടെ സ്ഥിതി എന്തായിരുന്നുവെന്നു നമ്മൾ ഒന്ന് ആലോചിച്ചുനോക്കുക:

ചെറുപ്പത്തിൽ ഉള്ളതായി ജീവചരിത്രകാരകൻ വിവരിച്ച വികൃതിസ്വഭാവമൊക്കെ മാറി, ജ്ഞാനസമ്പാദ്യത്തിനുള്ള ആഗ്രഹം വൎദ്ധിക്കുകയും ബുദ്ധിശക്തി പ്രകാശിക്കുകയും ചെയ്തുതുടങ്ങി. പഠിപ്പിന്നു സൌകൎയ്യമില്ലാതിരു

ന്നിട്ടും സ്വന്തം പഠിക്കുവാനുള്ള വാസനയുണ്ടായി. ഗൃഹത്തോടും ഗൃഹസംബന്ധമായ കൃത്യങ്ങളോടും വിരക്തി വന്നുകൊണ്ടിരുന്നു. ഭൂതദയയും സാഹോദര്യവും ദീനദയാലുത്വവും അധർമ്മവിമുഖതയും തെളിഞ്ഞുകാണപ്പെട്ടു. ശരീരവും മനസ്സും ശുചിയായി വെക്കേണ്ടതിന്നു വാസനയും ഉത്സാഹവും ജനിച്ചു. കുളിയും കുറിയും ജപവും ക്ഷേത്രദർശനവും നിത്യകർമ്മങ്ങളായിത്തുടങ്ങി. ആകപ്പാടെ പറയുന്നതായാൽ കുട്ടിക്ക് അസാധാരണയായ ചില ഗുണങ്ങളും വാസനകളും ഉണ്ടായിരുന്നതായി കാണപ്പെട്ടു. ക്രമേണ നമ്മുടെ ചരിത്രനായകന്നു പതിന്നാലു വയസ്സു കഴിഞ്ഞു. "കൌമാരംപോയ്മറഞ്ഞുടൻ, യൌവനശ്രീകളിക്കുന്ന പന്തലായ്ത്തീർന്നുപൂവുടൽ."

ഇങ്ങിനെയുള്ള സ്ഥിതിയിൽ, വിശേഷിച്ചും ഗൃഹത്തിലെ ഏക പുരുഷസന്താനമായിരുന്നതിനാൽ, രക്ഷിതാക്കന്മാൎക്കു നമ്മുടെ നായകനോടു വളരെ വാത്സല്യമായിരുന്നു. ഇങ്ങിനേയുള്ള യുവാവോട് ആൎക്കു വാത്സല്യമില്ലാതിരിക്കും? എന്നിരുന്നാലും അമ്മാമൻ വാത്സല്യത്തെ പുറമേ കാണിക്കാതെ, മരുമകനെ ശാസിച്ചു വളൎത്തുകയായിരുന്നു ചെയ്തതെന്നും മരുമകന്നു മാതുലനെ വളരെ ഭയമായിരുന്നുവെന്നും അറിയുന്നു.

അന്നും ഒരേ സ്ഥലത്തു സ്ഥിരമായി താമസിക്കുന്ന ശീലം സ്വാമിക്ക് ഉണ്ടായിരുന്നില്ല. ചിലപ്പോഴും കായി

ക്കര, തിരുവനന്തപുരം, അഞ്ചുതെങ്ങ്, വെണ്ണിയോട്, നെടുങ്ങണ്ട മുതലായ സ്ഥലങ്ങളിലുള്ള സ്വന്തക്കാരുടേയും ബന്ധുക്കാരുടേയും വീടുകളിൽ പോയി പാർക്കുകയും അവിടങ്ങളിലൊക്കേ കളിയും ജപവും ഭസ്മക്കുറിയും മററുമായി കാലം കഴിക്കുകയും ചെയ്തിരുന്നതായി പറയപ്പെട്ടിരിക്കുന്നു. ഇതു കണ്ടിട്ട് ഏതാൻ കാര്യമായും ഏതാൻ പരിഹാസമായും സ്വാമിയെ "നാണഭക്തൻ" എന്നായിരുന്നു പലരും വിളിച്ചുവന്നിരുന്നത്. കളി, കറി, ജപം എന്നൊക്കേ പറഞ്ഞാൽ ഭക്തിയെന്നും ഭക്തിയെന്നു പറഞ്ഞാൽ വേദാന്തമെന്നും വേദാന്തമെന്നു പറഞ്ഞാൽ ഒരു വക ഭ്രാന്തെന്നും ധരിച്ചിരുന്ന ഒരു വാത്തി (മലബാറിൽ കാവുതിയനെന്നും അട്ടത്തവനെന്നും പറയുന്ന ക്ഷൗരക പുരോഹിതനെ തിരുവിതാംകൂറിൽ വാത്തി എന്നു പറയുന്നു) സ്വാമിയെ അത്തരം ജീവിതത്തിൽനിന്നു വഴിതെററിച്ചു, വിവാഹബന്ധത്തിൽ ഏർപ്പെടുത്തുവാൻ വളരെ പരിശ്രമിച്ചിരുന്നുവത്രെ. അന്നു സ്വാമിക്ക് ഏകദേശം 20 വയസ്സു പ്രായമായിരുന്നു. ഒരു വിവാഹ അടിയന്തിരത്തിന്നു തനിക്കു ലഭിക്കാൻ ഇടയുള്ള ആദായത്തെ ആഗ്രഹിച്ചുകൊണ്ടു മാത്രമായിരിക്കാം വാത്തി മേൽപ്രകാരം പരിശ്രമിച്ചത്. അല്ലാതെ മററു വല്ല ഉദ്ദേശവും അവന്ന് ഉണ്ടായിരുന്നിരിക്കയില്ല. എന്നാൽ സമുദായാചാരങ്ങളിൽ വലിയ മാററങ്ങൾ വന്നുചേർന്നിരിക്കുന്ന ഇക്കാലത്തു, വാത്തിയുടെ അന്നത്തെ പരിശ്രമം, അവനേയും അവന്റെ സമുദായ

ത്തേയും സംബന്ധിച്ചു വളരെ യുക്തമായിരുന്നുവെന്നു നമ്മ
ൾക്കു വിധി കല്പിക്കാം. എന്തുകൊണ്ടെന്നാൽ, തന്റെ
അന്നത്തെ നടവടികൊണ്ടും നിത്യകർമ്മങ്ങളെക്കൊണ്ടും
സൂചിപ്പിച്ച ജീവിതക്രമം ആ യുവാവിൽ അഭിവൃദ്ധിപ്പെട്ടു
കഴിഞ്ഞപ്പോൾ, ആ ക്ഷുരക പുരോഹിത സമുദായത്തി
ന്റെ ആദായത്തേയും പദവിയേയും ബാധിച്ച ആചാര
പരിവർത്തനമാണല്ലൊ അവിടുന്നു സാധിച്ചതു്. ആ നി
ലയിൽ, വാത്തി അതിനെ അന്നു മുളയിൽത്തന്നെ നുള്ളി
ക്കളയുവാൻ ശ്രമിച്ചതു് അവനെ സംബന്ധിച്ചു യുക്തമാ
യിരുന്നുവെന്നു ഇന്നു നമ്മൾക്കു പറയാവുന്നതാണല്ലൊ.
ഏതായാലും ആ അവസരത്തിൽ അവന്റെ തന്ത്രങ്ങൾ
ക്കു സ്വാമികൾ കീഴടങ്ങിയില്ല.

ഇങ്ങിനെയുള്ള കാലത്തുണ്ടായ ഒരു സംഭവത്തെപ്പ
റ്റി ഒരു മാന്യൻ അറിയിച്ചിരിക്കുന്നു. ചെമ്പഴന്തിയിൽ
ഒരു ഭഗവതിക്ഷേത്രം ഉള്ളതായി പറഞ്ഞുവല്ലൊ. അവി
ടെ ഉത്സവാദികൾ നടക്കാത്ത കാലത്തു ഭയംനിമിത്തം ആ
രും അതിൽ എത്തിനോക്കക്കൂടി ചെയ്യാറില്ല. അങ്ങി
നെയിരിക്കെ സ്വാമിക്കു് ഒരിക്കൽ വസൂരിരോഗത്തിന്റെ
ജ്വരം ബാധിച്ചു. തലവേദന അസഹ്യമായിത്തീർന്നു. ഈ
വിവരം മാതുലാദികളെ അറിയിക്കാതെ യഥാക്രമം പ്രാതഃ
സ്നാനം ചെയ്തു സ്വാമി ഈ ഭഗവതിക്ഷേത്രത്തിൽ വാസം
തുടങ്ങി. വസൂരിദീനം പ്രകാശിച്ചു. എന്നിട്ടും പ്രാതഃസ്നാ

നാദികഠം മുടങ്ങാതെ അനുഷ്ഠിച്ചുപോന്നു. രാത്രി ചില അപരിചിതഗൃഹങ്ങളിൽ നടന്നുപോയി വല്ലതും വാങ്ങി ത്തിന്നുന്നതിനു സങ്കോചവും തോന്നിയിരുന്നില്ല. അതി നിടയിൽ ക്ഷേത്രവനത്തിൽ പടൎന്നുനിന്നിരുന്ന പറങ്കി മാവിൻ ശാഖയിൽ ഇരുന്നു, മേല്പുത്തൂർ ഭട്ടതിരിയുടെ ശ്ലോ കങ്ങഠം അടങ്ങിയ വൈരാഗ്യോല്ലാഭകം എന്ന അപൂൎവ്വഗ്ര ന്ഥം മുഴുവൻ അല്പനേരംകൊണ്ടു മനഃപ്പാഠം പഠിച്ചിരുന്നു. ഈ വിവരങ്ങഠം സ്വാമിതന്നെ ചില ശിഷ്യന്മാരോടു പറ യുകയും ചില ശ്ലോകങ്ങഠം ചൊല്ലിക്കേഠപ്പിക്കുകയും ചെ യ്തിട്ടുണ്ടു്.

"ഈ ക്ഷേത്രത്തിൽ ഗൂഢമായിട്ടു പതിനെട്ടു ദിവസം കഴിച്ചുകൂട്ടി. പത്തൊമ്പതാം ദിവസം വസൂരികാശമന സ്നാനവും കഴിച്ചു വീട്ടിൽ ചെന്നു. അതുവരെ പതിവനു സരിച്ചു വല്ല ബന്ധുഗൃഹങ്ങളിലും പോയിരുന്നിരിക്കാം എന്നു് ഊഹിച്ച മാതുലൻ, മരുമകന്റെ മുഖത്തും ദേഹ ത്തും വസൂരിക്കലകഠം കണ്ടപ്പോഠം, "ഇതെന്താണു്, നീ എവിടെയായിരുന്നു" എന്നും മററും ചോദ്യമായി. വസൂ രിരോഗമായിരുന്നുവെന്നും ഭഗവതിക്ഷേത്രത്തിലായിരുന്നു വെന്നും കേട്ടപ്പോഠം മാതുലന്റെ കോപം ശമിച്ചു ഭയം തോന്നിയത്രെ."

മരുമകനു ചില അസാധാരണ ഗുണങ്ങഠം ഉണ്ടെന്നു കൃഷ്ണൻ വൈദ്യൎക്കു തോന്നിത്തുടങ്ങുകയും എങ്ങിനേയെങ്കി

ല്പാ കട്ടിക്ക സംസ്കൃതത്തിൽ ഉപരിവിദ്യാഭ്യാസം നൽകേണമെന്ന ആഗ്രഹമുണ്ടാകുകയും ചെയ്തു. അങ്ങിനേയിരിക്കുമ്പോൾ ഒരു ദിവസം തനിക്കു കിട്ടിയ ഒരു സംസ്കൃതശ്ലോകത്തിന്നു നല്ലവണ്ണം അർത്ഥമാകായ്കയാൽ ഭാഗിനേയനെ വിളിച്ചു് അതു വ്യാഖ്യാനിക്കാൻ ആവശ്യപ്പെട്ടു. മരുമകൻ അതിന്റെ അർത്ഥം വിശദമായി പറഞ്ഞതുകേട്ട അമ്മാമൻ വളരേ സന്തോഷിക്കുകയും "ഇവനെ ഉപരി വിദ്യാഭ്യാസത്തിന്നു വല്ല ദിക്കിലും ഉടനേ അയക്കേണ്ടതു് ആവശ്യമാണെന്നു തീർച്ചയാക്കുകയും ചെയ്തു."

അങ്ങിനേയാണു സ്വാമിയെ സംസ്കൃതം പഠിക്കുവാനായി കരുനാഗപ്പള്ളി താലൂക്കിൽ പുതുപ്പള്ളി രാമൻ പിള്ള ആശാൻ എന്ന വിദ്വാന്റെ അടുക്കലേക്ക് അയച്ചത്. ഇതു 1053 ധനു മാസത്തിലായിരുന്നു. യാത്രക്കുള്ള ഒരുക്കങ്ങൾ എല്ലാം ചെയ്തതിന്നുശേഷം അച്ഛനും അമ്മാമനും കൂടി കുറെ പണം എടുത്തു വിദ്യാർത്ഥിക്കു കൊടുക്കുവാൻ ഭാവിച്ചപ്പോൾ, തനിക്കു പണംകൊണ്ടു് ആവശ്യമുണ്ടാകുമെന്നു തോന്നുന്നില്ലെന്നും തന്നോടും പണത്തോടും രണ്ടിനോടും ഏകസമയത്തു വേർപെടുന്നതു യുക്തമല്ലെന്നും പണം അവിടെത്തന്നെ വെച്ചുകൊണ്ടിരിക്കയാണു നല്ലതെന്നും പറഞ്ഞുപോൽ. സ്വാമിക്ക് അന്നുതന്നെ അപരിഗ്രഹശീലം സ്വകീയമായിരുന്നുവെന്നാണല്ലോ ഇതിൽനിന്നു തെളിയുന്നതു്.

കൃഷ്ണൻ വൈദ്യർ തന്നേയായിരുന്നു നമ്മുടെ ചരിത്രനായകനെ കരുനാഗപ്പള്ളിയിലേക്കു കൂട്ടിക്കൊണ്ടുപോയതു്. അവിടെ പ്രസിദ്ധപ്പെട്ട വാരണപ്പള്ളി തറവാട്ടിൽ പാർക്കുവാൻ വേണ്ടുന്ന ഏർപ്പാടു ചെയ്തു. അവിടെവെച്ചുണ്ടായ ചില സംഭവങ്ങളെപ്പറ്റിയുള്ള അറിവു കിട്ടിയതിന്നു, വാരണപ്പള്ളിയിൽ ശ്രീമാൻ തങ്കപ്പ പണിക്കർ അവർകൾക്കാണു ഞങ്ങൾ കടപ്പെട്ടിട്ടുള്ളതു്.

വാരണപ്പള്ളി ധനസമൃദ്ധികൊണ്ടു മാത്രമല്ല, ധർമ്മിഷ്ഠന്മാരും ഉദാരശീലന്മാരും വിദ്യാപോഷണനിരതന്മാരും ആയ അംഗങ്ങളെക്കൊണ്ടും പ്രസിദ്ധിയുള്ള ഒന്നാണ്. ഇന്നത്തെപ്പോലെ ധാരാളം വിദ്യാശാലകളും വിദ്യാർത്ഥിമന്ദിരങ്ങളും ഇല്ലാതിരുന്ന അക്കാലത്തു, വിദ്യാസമ്പാദനം അത്ര എളുപ്പമല്ലായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. വല്ല പ്രദേശത്തും സാമാന്യം വ്യുല്പത്തിയുള്ള വല്ലവരും ഉണ്ടെങ്കിൽ, അവർ സ്വഗൃഹങ്ങളിൽവെച്ചോ, അടുത്തു കെട്ടിയുണ്ടാക്കിയ പള്ളിക്കൂടത്തിൽവെച്ചോ കുട്ടികളെ വായിപ്പിക്കുകയായിരുന്നു പതിവു്. അതിന്നായി പല ദിക്കിൽനിന്നും വിദ്യാർത്ഥികൾ ചെന്നു സമീപത്തു വല്ല ഗൃഹങ്ങളിലും പാർക്കും. മലബാറിലും ഇതുതന്നേയായിരുന്നു സമ്പ്രദായം എന്നു് എല്ലാവർക്കും അറിയാം.

രാമൻ പിള്ള ആശാന്റെ കീഴിൽ വായിക്കാൻ അ

ന്യദേശങ്ങളിൽനിന്നു ചെന്നുചേൻ ഈഴവ വിദ്യാൎത്ഥിക ളെ പാൎപ്പിച്ചു അവൎക്കു സൌജന്യമായി ഭക്ഷണാദികൾ കൊടുപ്പാൻ വാരണപ്പള്ളിക്കാർ ഏൎപ്പാടുചെയ്തിരുന്നതാ യും അങ്ങിനെ വളരെ വിദ്യാൎത്ഥികൾ ആ വീട്ടുകാരുടെ സൌജന്യംകൊണ്ടു വിദ്യ സമ്പാദിച്ചു യോഗ്യന്മാരായി തീൎന്നതായും അറിയുന്നു. എന്നാൽ തങ്ങളുടെ സൌജന്യ ത്തിന്നു സവിശേഷമായ പുണ്യഫലം സിദ്ധിച്ചതു നാരാ യണഗുരുസ്വാമിയെ ചെറുപ്പത്തിൽ അവിടെ പാൎപ്പിച്ചു അവിടുത്തേക്കു വിദ്യാഭ്യാസത്തിന്നുള്ള സൌകൎയ്യം ഉണ്ടാ ക്കിക്കൊടുത്തതിലാണെന്നുള്ള ശാശ്വതമായ കൃതാൎത്ഥത ക്ക്, ആ വീട്ടുകാൎക്ക് അവകാശമുള്ളതാണ്. സ്വാമികൾ അവിടെ പാൎത്തു പഠിച്ചിരുന്ന അവസരം അദ്ദേഹത്തി ന്റെ ജീവചരിത്രത്തിൽ ഒരു പ്രധാന ഘട്ടമായി കരുതേ ണ്ടതാണ്. സ്വാമിയുടെ വാസനോചിതമായ സ്വഭാവം പ്രത്യേകസ്വരൂപത്തിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങിയതു് അ വിടെ വെച്ചായിരുന്നു. അവിടെവെച്ചു തന്നേയായിരുന്നു, മേലാൽ നയിക്കാൻ പോകുന്ന ജീവിതത്തിലേക്കു ധൈൎയ്യ പ്പെട്ടു് ഇറങ്ങാനുള്ള ഹൃദയസ്ഥൈൎയ്യം ഉറച്ചതും.

വാരണപ്പള്ളിയിലെ ഒരു ശാഖാഭവനമായ കന്നത്തു വീട്ടിലായിരുന്നു സ്വാമികൾ പാൎത്തിരുന്നതു്.

രാമൻപിള്ള ആശാന്റെ സ്ഥിതി, സാധാരണ എ ല്ലാ ആശാന്മാരുടേയും സമ്പ്രദായപ്രകാരം,

"തുല്യം ചൊല്ലിക്കൊടുക്കുന്നിതു ഗുരു ജഡനും പ്രാജ്ഞനും വിദ്യയെത്താൻ,
ഇല്ലാതാക്കില്ലെവനും ഗ്രഹണപടുതയെത്താൻ കൊടുക്കാവതില്ല."

എന്നതന്നേയായിരുന്ന. ശിഷ്യന്മാരുടെ സ്ഥിതിയും സാധാരണ സമ്പ്രദായപ്രകാരം,

"തുല്യം മൺകട്ടബിംബത്തിനു വിമലമണിക്കൊപ്പമായ് ഉൾഗ്രഹിക്കു-
ന്നില്ലേവണ്ണം ഫലംകൊണ്ടിവരിലുവതമായേററവും ഭേദമുണ്ടാം."

എന്നുംതന്നെ. വിദ്യാത്ഥികളിൽ നാണുവാകട്ടെ, ആശാൻ പറഞ്ഞുകൊടുക്കുന്നതൊക്കേ വിമലമണിക്കൊപ്പമായ് ഉൾഗ്രഹിച്ചുവെന്ന മാത്രമല്ല, അതിലും അധികം ഉൾഗ്രഹിക്കത്തക്ക ബുദ്ധിശക്തിയും ഭാവനാശക്തിയും ഉള്ള യുവാവായി ശോഭിക്കുകയും ചെയ്തു. വൈശ്രവണനാൽ പ്രാതൽ സൽക്കാരത്തിന്ന ക്ഷണിക്കപ്പെട്ട ഗണപതിക്കു ഭക്ഷണത്തിന്നെന്നപോലെ, രാമൻപിള്ള ആശാൻെറ കീഴിൽ പഠിക്കാൻ പോയ വിദ്യാത്ഥി നാണുവിന്ന ജ്ഞാനസമ്പാദ്യത്തിന്ന് അത്യാത്തി ഉള്ളതായി കാണപ്പെട്ടു.

അന്ന രഘുവംശത്തിലേ രണ്ടു ശ്ലോകങ്ങൾ വീതമായിരുന്ന പ്രതിദിനം ഗുരുനാഥൻ ഈ ശിഷ്യനെ പഠിപ്പിച്ചുപോന്നതു്. ഇങ്ങിനേയായാൽ പഠിത്തം അവസാനിച്ച തൻെറ ജോലിക്കു പോകുവാൻ സമയമില്ലാതെ വന്നേക്കുമെന്ന ഒരു ദിവസം ശിഷ്യൻ കടന്നുപറഞ്ഞപ്പോൾ, "എന്നാൽ മററു ശിഷ്യന്മാക്കു പറഞ്ഞുകൊടുക്കുന്നതും നീ കേട്ടു പഠിച്ചോളു" എന്ന കല്പിച്ചുപോൽ. അന്നുമുതൽ ശിഷ്യൻ അങ്ങിനേ ചെയ്യുക പതിവായി. പിന്നെ രഘു

വംശം വിട്ട മററൊരു കാവ്യം എടുത്തപ്പോറം, അതിലുള്ള ശ്ലോകങ്ങളൊക്കെ ഈ വിദ്യാർത്ഥികള തനിയെ അർത്ഥമാകുന്നുണ്ടെന്നു ഗുരുനാഥൻ കണ്ടു. എന്നു മാത്രമല്ല, മററു ശിഷ്യന്മാരെ പഠിപ്പിച്ച എതു കാര്യവും ആ ശിഷ്യോത്തമന്നു പാഠമായിരുന്നു. ക്രമേണ, സന്ദർഭവശാൽ ആശാന്നു തന്നെ സംശയമുള്ള പദ്യങ്ങളുടെ അത്ഥം ശിഷ്യൻ വിശദമായി പറകയായി. ഇങ്ങിനേ ആശാൻെറ അനുഗ്രഹത്തിന്നും ആശംസക്കും മററുള്ളവരുടെ അസൂയക്കും പ്രശംസക്കും നമ്മുടെ ചരിത്രനായകൻ അന്നു പാത്രമായിരുന്നു. അനന്യസാധാരണമായ ഈ ധിഷണാശക്തി സ്വാമികള ജന്മസിദ്ധമായിരുന്നുവെന്ന് അവിടെയുള്ള എല്ലാവരും സമ്മതിച്ചതാണ്. ഇങ്ങിനേ അവിടെവെച്ചു പലേ കാവ്യങ്ങളും നാടകങ്ങളും വ്യാകരണം അലങ്കാരം തക്കശാസ്ത്രം എന്നിവയും അചിരേണ പഠിച്ചുവശമാക്കി. "സ്വാമികറം അദ്ധ്യയനാവസരങ്ങളിലല്ലാതെ പുസ്തകം തുറന്നുനോക്കകക്രുടി ചെയ്തിരുന്നില്ലെന്നു പലരും പറഞ്ഞറിഞ്ഞിരിക്കുന്നു. പുസ്തക ക്രമികളായ സതീർത്ഥ്യന്മാക്ക പാഠവിഷയത്തിൽ ഉണ്ടാവുന്ന സംശയങ്ങറം തീർത്തുകൊടുക്കുന്ന ജോലി സ്വാമികള ഒരു ദിവസമെങ്കിലും ഒഴിഞ്ഞിരുന്നില്ല." അന്നു സ്വാമിയെ "നാണുചട്ടമ്പി" എന്നായിരുന്നു വിളിച്ചുവന്നിരുന്നതു്. തിരുവിതാംകൂറിൽ ചട്ടമ്പി എന്നുപറഞ്ഞാൽ പ്രധാന അദ്ധ്യായി എന്നത്ഥം. ഇംഗ്ലീഷിൽ "മോണിററർ" എന്നുപറയും

ആ അവസരത്തിൽ അറുപതിൽപരം വിദ്യാൎത്ഥികൾ രാമൻപിള്ള ആശാൻെറ കീഴിൽ പഠിച്ചിരുന്നു. പിൽക്കാലങ്ങളിൽ തിരുവിതാംകൂറിൽ വിശ്രുതന്മാരായിത്തീൎന്ന പെരുന്നെല്ലിയിൽ കൃഷ്ണൻ വൈദ്യർ, വെളുത്തേരി കേശവൻ വൈദ്യർ, മണമ്പൂർ കേശവനാശാൻ, ഉടയാങ്കുഴിയിൽ കൊച്ചുരാമൻ വൈദ്യർ എന്നീ മാന്യന്മാരൊക്കെ സ്വാമികളോടൊന്നിച്ചു വാരണപ്പള്ളിയിൽ പാൎത്തു വിദ്യാഭ്യാസം ചെയ്തവരായിരുന്നു. അക്കാലത്തു മിക്ക ദിവസവും അവിടെ വിദ്വൽ സദസ്സു ചേരാറുണ്ട്. അവയിൽ മേല്പറഞ്ഞവരൊക്കെ സംബന്ധിക്കുകയും സാഹിത്യപരമായി പല വാദപ്രതിവാദങ്ങളും നടക്കുകയും പതിവായിരുന്നു. എന്നാൽ നാണു ചട്ടമ്പി ഇതെല്ലാം കേട്ടുകൊണ്ടു, വാദങ്ങളിൽ ഏൎപ്പെടാതെ ദൂരേ ഒരു ദിക്കിൽ ഇരിക്കുന്നുണ്ടായിരിക്കും.

"വാദങ്ങൾചെവിക്കൊണ്ടുമതപ്പോരുകൾകണ്ടും
മോദസ്ഥിതനായങ്ങുവസിപ്പൂമലപോലെ"

എന്നു പിന്നീട് അനുഭവപ്പെട്ടതിൻെറ അങ്കുരശോഭയെന്നേ പറയേണ്ടു.

വാദം മുറുകിവരികയും വല്ലവിധത്തിലും അവസാനിക്കുന്നതു പ്രയാസമായിത്തീരുകയും ചെയ്യുമ്പോൾ വീട്ടിലെ കാരണവർ കൊച്ചുകൃഷ്ണപണിക്കർ "നാണുവിനെ വിളിച്ചു സംശയം തീൎത്തുകൊടുക്കുവാൻ പറയും." നാണുവിൻെറ

സമാധാനം മിക്കപ്പോഴും ഇരുകൂട്ടൎക്കും തൃപ്തികരമായിത്തീരുകയാണു പതിവു.

നല്ലൊരു സാഹിത്യരസികനായിരുന്ന കൊച്ചുകുഞ്ഞുപണിക്കർ തന്റെ ഗൃഹത്തിൽ പാൎത്തിരുന്ന വിദ്യാൎത്ഥികളിൽ സാത്വികനായിരുന്ന നാണു ചട്ടമ്പിയോടു കുറെ കവിഞ്ഞ വാത്സല്യം ഉണ്ടായിരുന്നു. അതുനിമിത്തം വിദ്യാൎത്ഥികളിൽ പലൎക്കും ചട്ടമ്പിയോടു കുറേ അസൂയ ഉണ്ടായിരുന്നതായി പറയപ്പെട്ടിരിക്കുന്നു.

വിദ്യാൎത്ഥികളായിരുന്ന കുറെ യുവാക്കന്മാർ ഒന്നിച്ചു പാൎക്കുമ്പോൾ അവരുടെ ഇടയിൽ ഉണ്ടാവാൻ സംഗതിയുള്ള ധൂൎത്തും വികൃതിയും പരിഹാസവും രസികത്തരങ്ങളും മററും പലൎക്കും അനുഭവമായിരിക്കുമല്ലൊ. ആ കൂട്ടത്തിൽ ഒരു വിദ്യാൎത്ഥി ഏകനായി കളിയിലും ചിരിയിലും ഏൎപ്പെടാതെ മൌനിയായി ഇരിക്കുന്നതുകണ്ടാൽ, അവനെ വെറിപിടിപ്പിക്കുവാൻ മററുള്ളവർ ചെയ്യുന്ന വികൃതിയും പരിഹാസവും ഊഹിക്കാം. നാണുചട്ടമ്പി അന്നു മററുള്ളവരുടെ അത്തരം വികൃതികൾക്കും പരിഹാസത്തിന്നും ലാക്കായിത്തീൎന്നിരുന്നു. സരസകവി മൂലൂർ ഇങ്ങിനെ എഴുതിയിരിക്കുന്നു:—"വാരണപ്പള്ളി കുടുംബത്തിലെ ഇപ്പഴത്തെ പ്രധാനിയായ വെളുത്ത കുഞ്ഞുപണിക്കർ സ്വാമിയുടെ ഒരു സഹപാഠിയായിരുന്നു. * * അദ്ദേഹം അന്നു സ്വാമികളുടെ വ്രതം, ധ്യാനം, ഗ്രന്ഥപാരായണം എന്നിതുകൾക്കു

വിഘ്നം ഉണ്ടാക്കുവാൻ ശ്രമിക്കുകയും ആക്ഷേപഭാഷണങ്ങ ൾ ചെയ്കയും പതിവായിരുന്നു. ഒടുവിൽ അദ്ദേഹം സ്വാമികളെ ഭഗവാൻ എന്നു കീർത്തിച്ചുകൊണ്ടു സാഷ്ടാംഗം പ്രണമിക്കുമായിരുന്നു."

എന്നാൽ വാരണപ്പള്ളിയിലെ മറെറാരു അന്തേവാസിയായിരുന്ന കുഞ്ഞു കുഞ്ഞുപണിക്കർ നാണുചട്ടമ്പിയോടു വളരെ വാത്സല്യം കാണിക്കുകയും അദ്ദേഹത്തെ മററുള്ളവരുടെ പരിഹാസത്തിൽനിന്നു രക്ഷിക്കുകയും ചെയ്തുപോന്നു. ഈ പണിക്കർ സ്വതവേ വലിയൊരു ഈശ്വരഭക്തനായിരുന്നതിനാൽ, സ്വഭാവൈക്യംകൊണ്ടു രണ്ടുപേരും അന്യോന്യം ആകർഷണീയരായിത്തീർന്നു.

"കുഞ്ഞു കുഞ്ഞുപണിക്കർ വാരണപ്പള്ളിയിൽ നേരേ പടിഞ്ഞാറെ വീട്ടിലായിരുന്നു പാർത്തിരുന്നതു്. അദ്ദേഹത്തിനു സ്വാമികൾ ഒരു പ്രിയ മിത്രമായിരിക്കുകയും സ്വാമികൾക്കു് അദ്ദേഹത്തിന്റെ സാഹചര്യം വലിയൊരു അനുഗ്രഹമായി തോന്നുകയും ചെയ്തിരുന്നു. രണ്ടുപേരും അവസരമുള്ളപ്പോഴൊക്കെ പുരാണേതിഹാസങ്ങൾ വായിച്ചുകൊണ്ടിരിക്കുകയും രാത്രിയിൽ ഉറക്കമാവുന്നതുവരേ ഒരുമിച്ചു നാമപാരായണം ചെയ്തുകൊണ്ടിരിക്കുകയും ചെയ്ക പതിവായിരുന്നു. എന്നാൽ പണിക്കർ വല്ലപ്പോഴും ഉണരുമ്പോഴൊക്കെ സ്വാമികൾ നാമം ജപിച്ചുകൊണ്ടിരിക്കുന്നതു കേൾക്കാമായിരുന്നു; എന്നല്ല സ്വാമികൾ ഗാഢനിദ്ര

യിൽ ലയിച്ചുകിടക്കുമ്പഴം അവ്യക്തമെങ്കിലും ഹൃദയാകർഷകമായ ചില ശബ്ദങ്ങൾ ശ്വാസനാളത്തിൽക്കൂടി വെളിയിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നതായി പലരും കേട്ടിട്ടുണ്ട്. കാണുമാൻ ആരും അരികത്തില്ലെന്ന വിശ്വാസമുള്ളപ്പോൾ, ചില അവസരങ്ങളിൽ തന്റെ ഗളചരണങ്ങൾ രണ്ടാംമുണ്ടുകൊണ്ടു ചേർത്തുകെട്ടി, ദൃഷ്ടി ഉയർത്തി എന്തോ വലിയൊരു ധ്യാനത്തിലെന്നപോലെ ഇരിക്കുന്ന പതിവുണ്ടായിരുന്നു."

സ്വാമിയുടെ ഹൃദയ നൈർമ്മല്യത്തേയും ഭൂതദയയേയും സൂചിപ്പിക്കുന്നതായി അനേകം സംഭവങ്ങൾ അക്കാലത്തു വാരണപ്പള്ളിയിൽവെച്ചുതന്നെ നടന്നിരുന്നുവത്രെ. അഥവാ, മറവുള്ളവർ എടുത്തു പറയത്തക്കതായി വല്ല സംഭവവും സ്വാമിയെ സംബന്ധിച്ച് ഉണ്ടായിരുന്നുവെങ്കിൽ അവയൊക്കെ അവിടുത്തെ മനസ്സിൻേറയും ഹൃദയത്തിൻേറയും വിശേഷവിധിയായ സൽഗുണങ്ങൾക്ക് ഉദാഹരണങ്ങളായിരിക്കും. അവയിൽ ഒന്നു താഴെ വിവരിക്കുന്നു:-

"വാരണപ്പള്ളിയിൽ രണ്ടു പട്ടികളെ വളർത്തിയിരുന്നു; ഒന്നു വളരെ വലുതും ബലിഷ്ഠനും മറേറതു ചെറുതും വൃത്തികെട്ടതും ആയിരുന്നു. സ്വാമികൾ ഊണു കഴിച്ചശേഷം കുറച്ചു ചോറു് ആ ചെറിയ പട്ടിക്കു കൊടുക്കുക പതിവായിരുന്നു. ചിലപ്പോൾ ആ ക്രൂരൻ നായ എവിടുന്നെങ്കിലും പാഞ്ഞെത്തി ആ ചെറിയ ജീവിയെ കടി

ച്ചോടിച്ചിട്ട്, ചോറു മുഴുവൻ തിന്നുകളയും. ചെറിയ പട്ടി വേദനപ്പെട്ടു നിലവിളിക്കുമ്പോൾ സ്വാമികൾ, നമ്മളിൽ വല്ലവരും ചെയ്യാൻ ഇടയുള്ളതുപോലെ വലിയ പട്ടിയെ അടിച്ചോടിക്കുകയോ ആട്ടിയകററുകയോ ചെയ്യാതെ, ചെറിയ പട്ടിയെ നോക്കി വളരെ നേരം വിഷാദിച്ചു നില്ക്കുകയും വലിയതിനെക്കുറിച്ച് "അതിൻെറ ഹൃദയം ചീത്തയാണ്. നാം എന്തുചെയ്യും?" എന്നു തന്നത്താൻ പറഞ്ഞു വ്യസനിക്കുകയും ചെയ്യും."

അന്നു സ്വാമിക്ക് ഭക്ഷണകാര്യങ്ങളിൽ വലിയ നിർബ്ബന്ധമൊന്നും ഉണ്ടായിരുന്നില്ലെങ്കിലും മത്സ്യമാംസാഹാരങ്ങളിൽ വെറുപ്പുണ്ടായിരുന്നു. എന്നാൻ മുൻ പറഞ്ഞ സഹപാഠികൾ ചിലപ്പോൾ, ബലമായും നിർബ്ബന്ധമായും സ്വാമികൾ ആ വിധം ആഹാരങ്ങൾ കഴിക്കുന്നതിന്ന്, ഇടയാക്കീട്ടും ഉണ്ട്. പിന്നിട്ടു പലപ്പോഴും ചെയ്തിരുന്നതായി പറയപ്പെട്ടിട്ടുള്ളതുപോലെ, അക്കാലങ്ങളിലും സ്വാമികൾ നടക്കുന്ന ഇടങ്ങളിൽനിന്നെല്ലാം കണ്ണിൽ കാണുന്ന ചിലതരം ചെടികളുടെ ഇലകൾ പറിച്ചു ചവച്ച് അവയുടെ രസം കുടിക്കുന്നതു സാധാരണയായിരുന്നു. ഇതു കാണുമ്പോൾ "വയറു നിറയാഞ്ഞിട്ട് ഇല തിന്നുന്നു" എന്നു സഹപാഠികൾ പറഞ്ഞു പരിഹസിക്കും. പ്രാതഃകാലത്ത് എഴുന്നേററു, കുളി കഴിച്ചു ക്ഷേത്രത്തിൽ പോയി ദൎശനം കഴിക്കുക മുതലായവ അന്നു മുടങ്ങാതെ ചെയ്തുപോന്നിരുന്നു.

അക്കാലത്തൊക്കെ സ്വാമികൾ വലിയ വിഷ്ണുഭക്തനായിരുന്നു. ശ്രീകൃഷ്ണനായിരുന്നു അന്നത്തെ ഇഷ്ടദേവതയെന്നും ബാലകൃഷ്ണൻ തനിക്കു സ്വപ്നത്തിലും ജാഗ്രത്തിലും പ്രത്യക്ഷനായിരുന്നുവെന്നും ചിലപ്പോൾ നോക്കുന്നദിക്കിലൊക്കെ ബാലകൃഷ്ണരൂപം കണ്ടിരുന്നുവെന്നും സ്വാമികൾതന്നെ പറഞ്ഞിരുന്നതായി, കൊച്ചിയിലെ ഒരു ജഡ്ജിയായി പെൻഷ്യൻ വാങ്ങിയ ദേഹവും ഇപ്പോൾ കേരളത്തിൽ ബുദ്ധമതപ്രചരണത്തിന്നായി നിർവ്യാജം പരിശ്രമിച്ചുവരുന്ന മാന്യനും ആയ ശ്രീമാൻ ഇ. കെ. അയ്യാക്കുട്ടി അവർകൾ രേഖപ്പെടുത്തിയിരിക്കുന്നു.

വാരണപ്പള്ളിയിൽ പാർത്തുവന്ന കാലത്തു് ഒരു ദിവസം അകാരണമായി സ്വാമി ആരേയോ പിൻതുടരുന്നതുപോലെ ഓടിക്കൊണ്ടിരുന്നുവെന്നും പാടത്തു് ഒരു തോട്ടിൻ കരയിൽ ചെന്നു പെട്ടെന്നു നിന്നുവെന്നും എന്താണു സംഗതിയെന്നു ചോദിച്ചപ്പോൾ, "ബാലകൃഷ്ണൻ ഓടിവന്നു് ഇതാ ഈ തോട്ടിൽ ചാടിയിരിക്കുന്നു"വെന്നു പറഞ്ഞുവെന്നും ഒരു മാന്യൻ അറിയിച്ചിരിക്കുന്നു.

വാരണപ്പള്ളിയിൽനിന്നു വിടുന്നതിന്നു കുറച്ചുമുമ്പായി സ്വാമികൾ അവിടത്തെ സതീർത്ഥ്യനും ആ ഗൃഹത്തിലെ ശേഷക്കാരനുമായിരുന്ന ഗോവിന്ദപ്പണിക്കരോടു് ഒരു ചെമ്പുതമല (വെള്ളം കോരിവെക്കുന്നതിനുള്ള ഒരു ചെറിയ പാത്രം) വാങ്ങിക്കൊടുക്കേണമെന്നു് ആവശ്യപ്പെട്ടിരുന്നു.

എന്തിന്നാണെന്നു ചോദിച്ചപ്പോൾ താൻ ഒരു മഹാസമുദ്രത്തിൽ മുങ്ങുവാൻ ഒരുങ്ങുകയാണെന്നും അവിടെനിന്നു വല്ലതും കിട്ടുമെങ്കിൽ അവക്കു കൂടി കൊണ്ടുവന്നു കൊടുക്കത്തക്കവണ്ണം സൂക്ഷിക്കുന്നതിന്നു് ആ പാത്രം ആവശ്യമുണ്ടെന്നും ആയിരുന്നു സമാധാനം പറഞ്ഞിരുന്നതു്.

1057-ാം ആണ്ടു തുലാമാസത്തിൽ സ്വാമിക്കു് അർശ്ശസ്സുസംബന്ധമായ ഒരു അതിസാരം ആരംഭിച്ചു. അതിന്നു പ്രതിദിനം വർദ്ധനവുണ്ടാകുകയും ഒടുവിൽ പ്രജ്ഞതന്നെ ഇല്ലാതായെന്നും പറയപ്പെട്ടിരിക്കുന്നു. ഈ വിവരം അറിയിച്ചപ്പോൾ സ്വഗൃഹത്തിൽനിന്നു് ആളുകൾ പോയി സ്വാമിയെ കൂട്ടിക്കൊണ്ടുപോകുകയാണു ചെയ്തതു്. വാരണപ്പള്ളി വിട്ടുപോകുമ്പോൾ സ്വാമികളുടെ ഗുണങ്ങളേയും തൽക്കാലത്തെ സ്ഥിതിയും ഓർത്തു കരയാത്തവർ ആരും ഉണ്ടായിരുന്നില്ലപോൽ.

തങ്കപ്പ പണിക്കർ അവർകൾ ഇങ്ങിനെ എഴുതിയിരിക്കുന്നു:—"പിന്നീടു തൃപ്പാദങ്ങൾ വിദ്യാർത്ഥിയായും അല്ലാതെയും ഇവിടെ വന്നു സ്ഥിരമായി പാർത്തിട്ടില്ല. മഹാസമാധികാലം വരെയും സ്വാമികൾ ഈ വീട്ടിൽപെട്ട ഏതൊരു അംഗത്തോടും ഒരു പ്രത്യേക ദാക്ഷിണ്യത്തോടുകൂടിയായിരുന്നു പെരുമാറിയിരുന്നതെന്നു് അധികം ആളുകൾക്കും അറിയാവുന്നതാണു്. വക്കലെ സ്ഥാപിച്ചിട്ടുള്ള സ്കൂളുകളുടേയും മററും ആവശ്യത്തിലേക്കു പണം പിരിവിന്നാ

യി, അവിടുന്ന് ഈ താലൂക്കുകളിൽ പല ഭാഗങ്ങളിലും സഞ്ചരിച്ചിരുന്നപ്പോൾ "വാരണപ്പള്ളിയിൽ പോകേണ്ടയോ?" എന്ന് ആരോ ചോദിച്ചതിന്, "അവിടത്തെ പണം നാം നേരത്തെ വാങ്ങിച്ചുപോയി" എന്നാണു മന്ദസ്മേരവദനനായി അരുളിച്ചെയ്തത്."

സംസാരസമുദ്രതരണം.

"ഒരു മഹാ സമുദ്രത്തിൽ ചെന്നു മുങ്ങി അവിടെനിന്നു കിട്ടുന്നതു് ഒരു ചെമ്പുതമലയിൽ അടക്കംചെയ്തു" ലോകോപകാരാൎത്ഥം വിതരണം ചെയ്വാൻ സ്വാമികൾ ചെയ്തു ഒരുക്കങ്ങളെപ്പററിയാണു് ഇനി വിവരിക്കാനുള്ളതു്.

വിദ്യാഭ്യാസം കഴിഞ്ഞു ശരീരാസ്വാസ്ഥ്യത്തോടുകൂടി സ്വഗൃഹത്തിൽ മടങ്ങിയെത്തിയ സ്വാമിയുടെ സുഖക്കേടൊക്കെ അചിരേണ ഭേദമായി. അതിന്നുശേഷം കടെക്കാവൂർ മീ.ാംകടവിന്നടുത്തും പിന്നീടു് അഞ്ചുതെങ്ങിലും സ്വദേശത്തുതന്നെയും കുടിപ്പള്ളിക്കൂടത്തിൻെറ രീതിയിൽ കുട്ടികളെ വിദ്യാഭ്യാസംചെയ്യിച്ചിരുന്നു. ഈഅവസരത്തിലായിരുന്നു നാണുചട്ടമ്പി, നാണു ആശാനായതു്. ഈ പേർ വളരേക്കാലം നിലനിന്നുവെന്നു മാത്രമല്ല, സ്വാമിയുടെ യഥാൎത്ഥ ഗുണങ്ങളെ അറിഞ്ഞോ അറിയാതേയോ അവയെ ഏൗദയം തുറന്നു സമ്മതിക്കുവാൻ മനസ്സുവരാത്ത സംകുചിത ചിത്തന്മാർ സ്വാമികളെ നാണു ആശാൻ എന്നുമാത്രം സംബോധന ചെയ്തുപോന്നു.

അഞ്ചുതെങ്ങിൽ കുട്ടികളെ പഠിപ്പിച്ചുപോന്നിരുന്ന കാലത്തു് ഇപ്പഴത്തെ ജ്ഞാനേശ്വരം ക്ഷേത്രത്തിൻെറ കിഴക്കുവശമുള്ള പഴയ ക്ഷേത്രമണ്ഡപത്തിലായിരുന്നു രാത്രി ധ്യാനവും ഉറക്കവും മററും. അന്നു് ഒരു സുബ്രഹ്മണ്യോ

പാസകനും സദാചാരനിഷ്ഠയുള്ള ഒരു ഭക്തനും ആയിട്ടായിരുന്നു നാണു ആശാനെ ജനങ്ങൾ അറിഞ്ഞിരുന്നതു്. അവിടെവെച്ചു ചിലരെ ഭഗവൽ ഗീതയും മററും പഠിപ്പിച്ചുപോന്നിരുന്നു. ആ കാലത്തുണ്ടാക്കിയ കവിതകൾ വായിച്ചാൽ, അന്നു് ആത്മാവു, ഈശ്വരൻ, മായ മുതലായ വിഷയങ്ങളെപ്പററി സ്വാമികൾ ഗാഢമായി ആലോചിച്ചുകൊണ്ടിരുന്നുവെന്നു് ഊഹിക്കാവുന്നതാണു്. പ്രപഞ്ചതത്വത്തെപ്പററി ഒരു ഗദ്യ പ്രബന്ധം അന്നു്, അപ്പി വൈദ്യർ എന്നൊരാൾക്കു പറഞ്ഞുകൊടുത്തിരുന്നുവെന്നും അതു് അദ്ദേഹം എഴുതി എടുത്തു സൂക്ഷിച്ചിരുന്നുവെന്നും അറിയുന്നു.

തന്റെ ഭാവിജീവിതത്തിന്നുവേണ്ടിയുള്ള ഒരുക്കങ്ങൾ മനഃപൂർവ്വമായി ചെയ്തിരുന്ന കാലമായിരുന്നു ഇതെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. സംസാരബന്ധം ഉപേക്ഷിച്ചു ജിതേന്ദ്രിയനാവാനുള്ള മാർഗ്ഗങ്ങളെ അവിടുന്നു് ആലോചിച്ചുകൊണ്ടേ ഇരുന്നു. മാതാപിതാക്കന്മാരേയും കുടുംബത്തേയും രക്ഷിപ്പാനുള്ള ഭാരത്തെ വലിച്ചെറിഞ്ഞു സ്വാത്മാവിന്നും ലോകത്തിന്നും ഗുണം വരുത്തുവാനുള്ള മാർഗ്ഗത്തിൽ പ്രവേശിക്കുവാനുള്ള ആഗ്രഹം കഠിനമായി ഉണ്ടായിക്കൊണ്ടിരിക്കുകയും കുടുംബത്തോടുള്ള മമത അതിനെ തടസ്ഥപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്തുകൊണ്ടു സ്വാമിയുടെ മനസ്സിൽ അന്നു നടന്ന പോരാട്ടം അതി തീവ്രമായിരുന്നിരിക്കണം. ഈ അവസരത്തിൽ സംസാര സമു

ശ്രോതിൻെറ ചുഴിയിലേക്കുതന്നെ ഉന്തിത്തള്ളിയിടാൻ സന്നദ്ധനായിക്കൊണ്ടു നമ്മുടെ പഴയ വാത്തി സ്വാമികളെ പിന്നേയും പിടികൂടി. ഗുരുജനങ്ങളുടെ നിർബ്ബന്ധപൂർവ്വമായ ആജ്ഞ അവന്നു നല്ലൊരു പിൻബലമായിത്തീരുകയും ചെയ്തു. അങ്ങിനെ നാണു ആശാൻെറ വിവാഹം നടക്കുകതന്നെ ചെയ്തു. അന്നു സ്വാമിക്ക് ഏകദേശം 28 വയസ്സു പ്രായമായിരുന്നു. ഒരു മാന്യൻ ഇങ്ങിനെ എഴുതിയിരിക്കുന്നു:—"വിവാഹം കഴിഞ്ഞെങ്കിലും അന്നത്തെ നാട്ടുനടപ്പനുസരിച്ചു വരൻ വധുവിൻെറ ഗൃഹത്തിൽ പോയിരുന്നില്ല. ആ സ്ത്രീ വക്കച്ചക്കട്ടത്തു നെട്ടങ്ങണ്ട എന്ന സ്ഥലത്തുള്ളവരായിരുന്നു. (സ്വാമിയുടെ പിതാവിൻെറ ഭാഗിനേയി ആയിരുന്നു വധു എന്നു് ഒരു ജീവചരിത്രകാരകൻ പറയുന്നു.) വീട്ടുകാർ വിവാഹം നടത്തിയ നാൾ മുതൽ നാണു ആശാൻ വീട്ടിൽ കയറാതെയുമായി. എങ്കിലും രണ്ടു മാസം കഴിഞ്ഞശേഷം, വാത്തിയുടെ നിർബ്ബന്ധമനുസരിച്ചു് ഒരു ദിവസം അവനോടൊന്നിച്ചു വീട്ടിൽ ചെന്നു തിണ്ണയിൽ ഇരുന്നു. ആ സ്ത്രീ പലഹാരവും മററും തിണ്ണയിൽ കൊണ്ടുവന്നു വെച്ചു. അപ്പോൾ ആശാൻ അകത്തു കടന്നു, കുറെ പഴം എടുത്തുകൊണ്ടുവന്നു വാത്തിക്കു കൊടുക്കുകയും അവയിൽ ഒന്നു രണ്ടെണ്ണം എടുത്തു താൻ ഭക്ഷിക്കുകയും ചെയ്തു. ഒടുവിൽ നമ്മുടെ ചരിത്രനായകൻ വീട്ടിലുള്ളവരോടു പൊതുവായി താഴെ പറയുന്ന അർത്ഥം അടങ്ങിയ ഒരു ചെറു പ്രസംഗം ചെയ്തു:—"ലോകത്തിൽ ഒ

രോരുത്തരും ഓരോ കാൎയ്യസാദ്ധ്യത്തിന്നായി ജനിക്കുന്നവരാണ്. എനിക്കും നിങ്ങൾക്കും ഓരോ പ്രത്യേക കാൎയ്യം സാധിക്കേണ്ടതായി ഉണ്ടായിരിക്കും. നിങ്ങൾ നിങ്ങളുടെ കാൎയ്യം നോക്കുക; ഞാൻ എന്റെ കാൎയ്യം നോക്കട്ടെ" ഇങ്ങിനെ പറഞ്ഞു വീട്ടിൽനിന്ന് ഇറങ്ങിപ്പോകയും അതോടുകൂടി വിവാഹം തനിയേ വേർപെട്ടുപോകയും ചെയ്തു".

കുമാരനാശാന്റെ കഥാനായകൻ "നളിനി"യോടു ഇങ്ങിനെ പറഞ്ഞു:—

സ്വന്തകാൎയ്യവശരായ്തിരഞ്ഞിട-
ന്നന്തമററബഹുജീവകോടികൾ,
അന്തരാളഗതിതന്നിലൊന്നൊടൊ-
ന്നന്തരാപെട്ടമണക്കളാണുനാം.

സ്നേഹമെങ്കിലുമിയന്നുഖിന്നനായ്
സാഹസങ്ങൾതുടരുന്നസന്തതം
ദേഹി,ഈശകൃപയാലെതന്മഹാ-
മോഹനിദ്രയുണരുന്നനാൾവരെ.

നമ്മുടെ ചരിത്രനായകന്റെ മോഹനിദ്രക്ക് അന്നു തന്നെ ഉണൎവ്വു തട്ടിയിരുന്നു. ഏതായാലും ഇതു് ഒരു മഹാ വിജയമായിരുന്നുവെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ. ഗുരുജനങ്ങളേയും കുടുംബത്തേയും ഒക്കെ വെടിഞ്ഞാലും, വെടിയാൻ സാധിക്കാത്തതും മരണംവരെ സംസാര സമുദ്ര

ച്ചുഴിയിൽ ഇട്ടു നട്ടംതിരിക്കുന്നതും ആയ ശക്തിയോടു മല്ലിട്ടു ജയിച്ച്, ആ വിവാഹപാശത്തെ ധീരതയോടുകൂടി അറുത്തു സ്വതന്ത്രനാവുകയാണ് അന്നു സ്വാമി ചെയ്തതു്.

നിത്യബ്രഹ്മചാരിയായിരിക്കാൻ സംഗതിയുള്ള ആളാണെന്ന് എല്ലാവരും വിശ്വസിച്ചിരുന്ന ഒരു ശിഷ്യൻ വിവാഹം കഴിക്കുവാൻ തീർച്ചയാക്കിയ വിവരം ആരോ നാരായണഗുരുസ്വാമികളെ അറിയിച്ചപ്പോൾ അവിടുന്ന് ഇങ്ങിനെ പറഞ്ഞിരുന്നു:—"മനുഷ്യന്ന് ഏററവും പ്രയാസമായ വ്രതം ബ്രഹ്മചര്യവ്രതമാണ്. അതു് എത്രമേൽ പ്രയാസമുള്ളതാണെന്ന് അതു് അനുഭവിച്ചവർ മാത്രമേ അറികയുള്ളു. അതുകൊണ്ടു് അതു തുടൎന്നുപോകാൻ സാധിക്കുകയില്ലെന്ന് എപ്പോൾ മനുഷ്യൻ കാണുന്നുവോ അപ്പോൾ വിവാഹം കഴിച്ചുകൊള്ളേണ്ടതാണ്."

സ്വാമികളെ ബ്രഹ്മചര്യവ്രതത്തിൽനിന്നു തെററിക്കാൻ ചിലർ ചില അവസരങ്ങളിൽ ശ്രമിച്ചു പരാജിതരായതിനേപ്പററി ഞങ്ങൾക്കു സൂക്ഷ്മമായ അറിവു കിട്ടിയിരുന്നു. ഈ ശ്രമത്തെ കണ്ടിട്ടുള്ള വെറുപ്പും അതിനോടു പോരാടി ജയിപ്പാനുള്ള മനസ്സിന്റെ ദൃഢനിശ്ചയവും ആയിരുന്നു,

"നരഹരിമൂൎത്തിനമിച്ചിട്ടുന്നനെററി-
ത്തിരുമിഴിതന്നിലെരിച്ചമാരനിന്നും
വരുവതിനെന്തൊരുകാരണം? പൊരിച്ചീ-
ട്ടെരിമിഴിതന്നിലിതൊന്നുകൂടിയിന്നും."

എന്നാദിയായ പദ്യരൂപത്തിൽ പുറത്തു ചാടിയത്. വിവാഹബന്ധത്താൽ സംസാരചക്രത്തോട് എന്നെന്നേക്കും കെട്ടിച്ചേർത്തുവെക്കുവാൻ കുടുംബങ്ങൾ ഏർപ്പെടുത്തിയ പാശത്തെ സ്വാമികൾ ധീരതയോടുകൂടി വെട്ടിമുറിച്ചതിന്നുശേഷം കുറേ കഴിഞ്ഞപ്പോൾ തന്റെ മാതാവു കാലധർമ്മം പ്രാപിച്ചു.

വൃദ്ധരായിത്തീർന്ന അച്ഛനും അമ്മാമനും തറവാട്ടിൽ ഏകപുരുഷസന്താനമായ ചരിത്രനായകനെ ഗൃഹസ്ഥാശ്രമത്തിൽ നിറുത്തി തറവാട്ടുകാര്യങ്ങൾ നോക്കിനടത്തുവാൻ ഏല്പിക്കേണ്ടതിന്ന് ആഗ്രഹമുണ്ടായതിൽ അത്ഭുതമില്ല. എന്നാൽ പൂർവ്വജന്മത്തിലെ കർമ്മത്തിന്നനുസരിച്ചു സ്വാമിയുടെ സഞ്ചിതവാസന ഗൃഹസ്ഥാശ്രമിയായിരിക്കുവാൻ അദ്ദേഹത്തെ അനുവദിച്ചിരുന്നില്ലെന്നു തീർച്ചയായിരുന്നു.

ജന്തുവിന്നുതുടരുന്നവാസനാ-
ബന്ധമിങ്ങുടലുവീഴുവോളവും.

എന്നാണല്ലോ.

ഇങ്ങിനേയുള്ള അവസരങ്ങളിൽ ആദ്ധ്യാത്മികമായ അഭിവൃദ്ധിക്കായി സ്വയം പരിശ്രമം ചെയ്തു യഥാർത്ഥതത്വം കണ്ടറിയുവാൻ ശ്രമിച്ച എല്ലാ മഹാന്മാരും ചെയ്തിരുന്നതുപോലെതന്നെ നാണു ആശാനും ചെയ്തു. സ്വഗൃഹവും സ്വകുടുംബവും ത്യജിച്ച്, എല്ലാ പ്രപഞ്ചസുഖവും

ആഡംബരവും ഉപേക്ഷിച്ചു, ഏററവും മഹത്തരമായ ഉദ്ദേശത്തോടുകൂടിയതെന്നാകിലും യാതൊരു ഉദ്ദേശവും ഇല്ലാത്ത ആളെപ്പോലെ, നടന്നുതുടങ്ങി. ഗൌതമബുദ്ധൻ തുടങ്ങി ശ്രീരാമകൃഷ്ണപരമഹംസൻ വരെയുള്ള ത്യാഗാപേക്ഷികളായ എല്ലാ മഹാന്മാരും ചെയ്തതു് ഇങ്ങിനെതന്നേയായിരുന്നു. ഗൌതമബുദ്ധൻ ഇങ്ങിനേയുള്ള അവസരത്തിൽ ചെയ്ത നിശ്ചയത്തെ ശ്രീ ബുദ്ധചരിതത്തിൽ വിവരിച്ചതു നോക്കുക:—

തേരുകൂടാതെ തെരുതെരെ ഞാൻ പാദ-
ചാരിയായെങ്ങുമിപ്പാരിൽ നടക്കുവൻ;
പാതെപ്പൂഴിയെപ്പൂമെത്തയാക്കി ഞാൻ
സൈ്വരം നിലത്തു കിടന്നുറങ്ങീടുവൻ;
ആരുമില്ലാത്ത വെളിസ്ഥലമൊക്കെയെൻ
ചാരുനികേതമെന്നോർത്തവയിൽത്തന്നെ
വാഴുവനെന്നല്ലമർത്ത്യരിലൊത്തു യു-
മേഴകളെ ഞാനിണങ്ങരാക്കീടുവൻ;
പാവങ്ങളായ പറയരുടുക്കുന്ന
ചീവരം ചുററിനടപ്പനരയിൽ ഞാൻ;
കാളും വിശപ്പടക്കാൻ വെറും വേവിച്ച
തളോത കരയോ വല്ലതുമാകിലും
നീളവേ വസ്സരിൽ നടന്നു കൈനീട്ടി, ന-
ല്ലാളുകൾ കനിഞ്ഞു പിച്ചയിടുന്നതേററുണ്ണുവൻ;
വല്ലാത്ത വർഷമോ വേയിലോ പാര-
മല്ലൽ ചേർക്കിൽ തങ്ങുവൻ മലങ്കാട്ടിന്റെ
യുള്ളിൽ, വെളിച്ചമേലാത്ത ഗുഹകളോ
വള്ളിക്കുടിലുകളോ ചെന്നു പൂക്കു ഞാൻ;

എന്നുവേണ്ടാ, ഏതായാലും സഹിക്കുവാൻ
സന്നദ്ധനാകുന്നുഞാൻ എൻറയീശ്രമം.
എന്നും ജനന മരണാദ്ദുഃഖങ്ങളാൽ
ഖിന്നമാം ലോകത്തിനാശ്വാസമേകുകിൽ;
അല്ലലിലിങ്ങിനെയാണ്ടോരു നീക്കുപോ-
ക്കില്ലാതുഴന്നു തിരിയുമാത്മാക്കളെ
എല്ലാംനിനച്ചലിവുംതാപവുമാർന്ന
വല്ലാതെയെന്നകക്കാമ്പുകായുന്നിതേ ;
വല്ലവിധവുമിത്യാഗമവർക്കൊരു
നല്ലമാർഗ്ഗം തെളിപ്പാനുതകീടുകിൽ
ഇല്ലവും ഭാര്യയുമെൻറ സുഖങ്ങളും
പുല്ലിലുംതുച്ഛമെന്നായ് ഞാൻത്യജിക്കുവൻ.

*   *   *   *   *

*   *   *   *   *

കാലമിനിക്കളയാതിന്നു താൻ പോയി
വേലതുടങ്ങിയാസിദ്ധിയെ സ്വർഗ്ഗത്തി
ലാലീനമെന്നാകിലും നരകത്തിൻെറ
മൂലയിലെങ്ങാൻ മറഞ്ഞുമിന്നീടിലും
എല്ലാർക്കുമാസന്നമായ് രണ്ടുമിക്കില്ലു-
മല്ലാതിടക്കതങ്ങീടിലും യത്നമാ-
ർന്നങ്ങിനെയെങ്കിലുമെങ്ങെങ്കിലും ബുദ്ധി
മങ്ങാതെ ചെന്നേതുകാലത്തിലെങ്കിലും
കണ്ടുകരസ്ഥമാക്കിപ്പോരുവനിനി
കുണ്ഠതയെന്തിനു ഞാൻതന്നെപോകുവൻ:
ഏതുവ്രതവുമെടുക്കുവനേതേതു
യാതനവന്നെത്തിയാലും സഹിക്കുവൻ;
ഉർവ്വിയിലും ദ്യോവിലും നരകത്തിലും '

ദുർഗ്ഗഹസംസാര ദുഃഖംവഹിക്കുന്ന
സർവ്വജനങ്ങൾക്കുമെൻറ യത്നംകൊണ്ടു
നിർവ്വാണസൌഖ്യംവരേണം,മന്മതി.

* * * * *

ഇപ്പോൾ പിരിയുന്ന ഞാൻ,വിദേയംഗവ്യഥ
യല്പകാലം പൊറുത്തീടുവനെല്ലാരും
ലോകത്തിൽനിന്നീയവിദ്യയാകുംക്രൂരിരു-
ട്ടാകെനീക്കിബ്ബോധസൂര്യനുദിച്ചിട്ടും
ഏകാന്തമാർഗ്ഗംതെളിഞ്ഞാൽക്ഷമേ,
ശോകമകന്നുസുഖംവരുമോർക്കവിൻ.
എല്ലാംനിരൂപിച്ചുറച്ചുകഴിഞ്ഞുഞാൻ
ഇല്ലിനിമാററമിതാനടകൊള്ളുന്നു.
കല്പനാംമർത്ത്യൻറതീവ്രയത്നത്തിന്നു
വല്പഫലവുമുണ്ടാകുമെന്നാകിലോ
ചൊല്ലെഴുംബന്ധവിമുക്തിസാധിച്ചുകൊ-
ണ്ടല്ലാതെയിങ്ങുമടങ്ങിവരില്ലഞാൻ.

ഇങ്ങിനെയുള്ള ദൃഢനിശ്ചയത്തോടുകൂടിത്തന്നെ സ്വാമിയും സ്വഗൃഹം വിട്ടുനടന്നു. രാത്രിയെന്നോ പകലെന്നോ വെയിലെന്നോ മഴയെന്നോ ഇല്ലാതെ സമീപസ്ഥലങ്ങളിൽ ജനവാസമില്ലാത്ത കുന്നുകളിലും കാടുകളിലും പാറയിടുക്കുകളിലും സമുദ്രതീരങ്ങളിലും ക്ഷേത്രങ്ങളിലും സ്വാമി ധ്യാനനിരതനായി ഇരിക്കുന്നതും പലദിക്കിലും ഏകാകിയായി സഞ്ചരിക്കുന്നതും പലരും കണ്ടിട്ടുണ്ടു്. ഈ അവസരത്തിൽ സ്വാമികൾ പി. കെ. കൃഷ്ണൻ വൈദ്യർ അവർകളുടെ പെരുനെല്ലി എന്ന ഭവനത്തിൽ അല്പകാലം താമസിച്ചു

രുന്നു. ഈ ഗ്രന്ഥത്തിൽ തമിഴിലും സംസ്കൃതത്തിലും ഉള്ള അനേകം ശാസ്ത്രഗ്രന്ഥങ്ങൾ സൂക്ഷിച്ചിരിപ്പുണ്ട്. സ്വാമികൾ ആ ജ്ഞാനകോശത്താൽ ആകൎഷിക്കപ്പെട്ടിരുന്നുവെന്നാണ് അറിയുന്നത്.

ഇവിടെവെച്ചായിരുന്നു ഗ്ലസ്റ്റൻ വൈല്യർ അവർകൾ ഷണ്മുഖദാസൻ എന്നു പ്രസിദ്ധമായി അറിയപ്പെടുന്ന കുഞ്ഞൻപിള്ള ചട്ടമ്പിയെന്ന മഹാനുമായി സ്വാമിയെ പരിചയമാക്കിയത്. അദ്ദേഹം "പ്രാചീന മലയാളം" മുതലായ ചില ഗ്രന്ഥങ്ങളുടെ കൎത്താവായ ഒരു വിദ്വാനായിരുന്നുവെന്നു മാത്രമല്ല, ഒരു യോഗിയുമായിരുന്നു. ആ കാലത്തു രണ്ടുപേരുടേയും ഉദ്ദേശങ്ങൾ ഒരേമാൎഗ്ഗത്തിലായിരുന്നതിനാൽ അവർ ഒന്നിച്ചുചേൎന്നു നടന്നുവെന്നുള്ളതു സ്വാഭാവികംതന്നെ.

യോഗാഭ്യാസത്തിൽ പരിശ്രമിക്കുവാൻ ജന്മസിദ്ധമായ വാസനയോടുകൂടിയ സ്വാമികൾ ആ വിഷയത്തിൽ ചില ഉപദേശങ്ങൾ നേരിട്ടു നൽകുവാൻ യോഗ്യനായ ഒരാളെ അന്വേഷിച്ചിരിക്കണം. ആ വിധം ഒരു മാന്യനെ ഷണ്മുഖദാസന്ന് അറിയാമായിരുന്നു. പ്രാണായാമാദി യോഗക്രമങ്ങളൊക്കെ ഗ്രഹിക്കുകയും അവയെ അഭ്യസിക്കുകയും ചെയ്തതിന്നുശേഷവും എന്തോ സംഗതിവശാൽ ഉദ്ദിഷ്ടകാൎയ്യം സാധിക്കാതെ പിന്നേയും ഒരു പ്രാപിഞ്ചകനായി ഇരിക്കേണ്ടിവന്ന വിദ്വാനായിരുന്നു തൈക്കാട്ട് അയ്യാ

വ് എന്ന മഹാൻ. ഷണ്മുഖദാസൻ തന്റെ സഹചാരിയെ അയ്യാവ് അവർകളുടെ അടുക്കൽ കൂട്ടിക്കൊണ്ടുപോയി തമ്മിൽ പരിചയപ്പെടുത്തി.

സ്വാമിയുടെ സന്യാസിശിഷ്യന്മാരിൽ ഒരു പ്രധാനിയും സമ്മതനും ആയ ഒരു മാന്യൻ ഇങ്ങിനെ എഴുതിയിരിക്കുന്നു:—

"അയ്യാവ് അവർകൾ ഒരു ബ്രാഹ്മണനായിരുന്നുവെന്നും അയ്യാവുശാസ്ത്രികൾ എന്നായിരുന്ന അദ്ദേഹത്തിന്റെ പേരെന്നും മററും, തിരുവനന്തപുരത്തു, സ്വാമികളുടെ മഹാ സമാധിയെ സംബന്ധിച്ചു കൂടിയ ഒരു അനുശോചനയോഗത്തിൽ ഉള്ളൂർ എസ്. പരമേശ്വര അയ്യർ അവർകൾ പ്രസംഗിച്ചതായി കേട്ടിട്ടുണ്ട്. എന്നാൽ അദ്ദേഹം, പറയർ എന്നും ആദിദ്രാവിഡരെന്നും ഇപ്പോൾ പറയപ്പെടുന്ന ജനസമുദായത്തിലെ ഒരംഗമായിരുന്നുവെന്നാണ് എന്റെ സൂക്ഷ്മമായ അറിവ്. ഈ വസ്തുത മിക്കവാറും ആൎക്കുംതന്നെ അറിഞ്ഞുകൂടാ. പിൻ കുടുമയുംവെച്ചു പാണ്ടിയിൽനിന്നു വരുന്നവരെയെല്ലാം സ്വാമിയെന്നും തമ്പുരാനെന്നും വിളിക്കുന്നവൎക്കു മതിരാശിയിൽനിന്നു തിരുവനന്തപുരത്തുവന്നു റസിഡൻസിയിൽ ഒരു കീഴുദ്യോഗസ്ഥനായി താമസിച്ചിരുന്ന അയ്യാവു അവർകളെ അറിയാതെ പോയതിൽ ആശ്ചൎയ്യമില്ല."

പറയനായാലും ബ്രാഹ്മണനായാലും അയ്യാവു അവർകൾ യോഗാഭ്യാസം ശീലിച്ച ആളായിരുന്നുവെന്നുള്ളതിന്നു സംശയമില്ല. "അദ്ദേഹം ഒരു ഗൃഹസ്ഥാശ്രമിയായിരുന്നു. നിത്യവും സുബ്രഹ്മണ്യപൂജ ചെയ്തുകൊണ്ടിരുന്നു. നമ്മുടെ സ്വാമികൾക്ക് അദ്ദേഹം സുബ്രഹ്മണ്യോപാസന ഉപദേശിച്ചിരുന്നുവത്രെ. സ്വാമികൾ അദ്ദേഹത്തിന്റെ അടുക്കൽനിന്നു ഏതാനും യോഗാസനങ്ങളും നൌളി, ധൌതി, ഘടം മുതലായ ക്രിയകളും പ്രത്യേകിച്ചു ഖേചരീമുദ്രയും മററു ധ്യാനയോഗ സമ്പ്രദായങ്ങളും അഭ്യസിച്ചു. അയ്യാവു അവർകൾക്കു വേദാന്തശാസ്ത്രങ്ങളിലും നല്ല അറിവുണ്ടായിരുന്നു. സ്വാമികൾ അദ്ദേഹത്തെപ്പററി എപ്പോഴും വളരെ നല്ല അഭിപ്രായം ശിഷ്യന്മാരോടു പറയാറുണ്ടായിരുന്നു. സ്വാമികളുടെ ഭാവിമഹത്വത്തിൽ അയ്യാവു അവർകൾക്കു പൂർണ്ണവിശ്വാസം ഉണ്ടായിരുന്നു. സ്വാമികൾ ഒരു സിദ്ധനും മഹാ ജ്ഞാനിയും ആയിത്തീരുമെന്ന് അദ്ദേഹം പലപ്പോഴും പലരോടും പറയാറുണ്ടായിരുന്നു."

ഷണ്മുഖദാസൻ മുൻകൂട്ടിത്തന്നെ അയ്യാവു അവർകളുടെ ശിഷ്യത്വം സ്വീകരിക്കുകയും അദ്ദേഹത്തിൽനിന്നു ചില ഉപദേശങ്ങൾ ഗ്രഹിക്കുകയും ചെയ്തിരുന്നു. സ്വാമികൾക്ക് അയ്യാവു അവർകൾ ആസനങ്ങളും മുദ്രകളും ഉപദേശിക്കുമ്പോൾ അവയിൽ ചിലതിനെ മാതൃകയായി ചെയ്തുകാണിച്ചുകൊടുക്കേണ്ടുന്ന ഭാരം മുൻ ശിഷ്യനായ ചട്ടമ്പിസ്വാമികൾക്ക് ഉണ്ടായിരുന്നു.

അയ്യാവു അവർകളുടെ കൂടെ സ്വാമികൾ അധികകാലം താമസിക്കേണ്ടി വന്നിരുന്നില്ല. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം സ്വാമികൾ പിന്നെ മരുത്വാമലയിൽ പോയി യോഗാഭ്യാസത്തിന്റെ അനന്തര പടികൾ പരിശീലിച്ചു.

താപസൻ

ഏതെല്ലാം മലകളിലും കാടുകളിലും ഗുഹകളിലും ആയിരുന്നു സ്വാമികൾ ധ്യാനപരനായി കാലം കഴിച്ചിരുന്നതെന്നും അക്കാലത്തുള്ള ജീവിതം എങ്ങിനെയായിരുന്നുവെന്നും വിവരമായി അറിയുന്നവർ ആരുംതന്നെ ഇല്ല. ആ കാലത്തെ ജീവിതത്തെപ്പററി സ്വാമികൾ അപ്പപ്പോൾ സംഭാഷണത്തിൽ സന്ദർഭവശാൽ പറഞ്ഞുകേട്ടിട്ടുള്ള അറിവു മാത്രമേ ഉള്ളു. । ആ വക കാര്യങ്ങൾതന്നെ ക്രമമായും വിവരമായും എഴുതിവെക്കുവാൻ അവിടുത്തെ ശിഷ്യന്മാർക്കും അനുചരന്മാർക്കും തോന്നാതിരുന്നതു കഷ്ടമായിപ്പോയിഎന്നേ പറയേണ്ടതുള്ളു. ഏതായാലും ഞങ്ങൾക്കു സ്വാമിയുടെശിഷ്യന്മാരായ ചില മാന്യന്മാരുടെ സഹായംഭാഗ്യവശാൽ സിദ്ധിച്ചു വഴിക്കു കിട്ടിയ ചില വിവരങ്ങൾ താഴെ ചേർക്കുന്നു:—

കാടുകളിൽ കാലം കഴിക്കുന്നതു സ്വാമികൾക്കു് എന്നും പ്രിയമുള്ള ഒരു കാര്യമായിരുന്നു. മിക്കവാറും പച്ചി

ലകളും കിഴങ്ങുകളും കായ്കളും തിന്നാണു ജീവിച്ചിട്ടുള്ളതെന്നു സ്വാമികളുടെ സംഭാഷണത്തിൽനിന്നു ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അവിടുന്നു തിന്നുനോക്കാത്ത പച്ചിലകൾ കാട്ടിൽ ഒന്നുംതന്നെ ഇല്ലെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. ഇന്നിന്ന ഇലകൾ ഭക്ഷിപ്പാൻ കൊള്ളാവുന്നതാണെന്ന് അവിടുത്തേക്ക് അറിയാമായിരുന്നു. "കട്ടക്കോടി" എന്നു പേരായ ഒരു ചെടിയുണ്ട്. അതിന്റെ ഇല പിഴിഞ്ഞു വെച്ചാൽ അല്പനേരംകൊണ്ടു അതു് ഉറച്ച് അപ്പംപോലെയാകും. അതു മാത്രം ഭക്ഷിച്ച് ഒരുവനു കാലം കഴിക്കാം എന്നു സ്വാമികൾതന്നെ പറഞ്ഞിട്ടുണ്ട്. അതിനു അരുചിയില്ല. ശരീരസുഖത്തിനു കൊള്ളാവുന്നതുമാണ്. "അടമ്പ്" എന്നൊരു വേറൊരുതരം വള്ളിയുണ്ടു. അതിന്റെ ഇല മാത്രവുമുള്ളതാണ്. എന്നാൽ അധികം തിന്നാൽ രോഗം ബാധിക്കുമെന്ന് അനുഭവമായിരുന്നതായി സ്വാമികൾ തന്നെ പറഞ്ഞിട്ടുണ്ട്. അടപതിയൻ കിഴങ്ങും നല്ല ആഹാരമാണ്. മലകളിൽ വിശിഷ്ടമായതു കിട്ടും. അടപതിയനും തേനും പച്ചവെള്ളവും മാത്രംകൊണ്ടു ഒരുവന്ന് ആരോഗ്യത്തോടുകൂടി ജീവിക്കാമത്രെ. കാട്ടിലുള്ള തഴുതാമയുടെ ഇലയും അതുപോലെ ഉള്ളതാണ്. ഇങ്ങിനെയുള്ള പലേ ഇലകളും കിഴങ്ങുകളും ചക്ക, മാങ്ങ, വാഴപ്പഴം, കാച്ചിൽകിഴങ്ങ്, അന്നാരച്ചക്ക, മരച്ചീനി മുതലായവയും ഭക്ഷിച്ചുകൊണ്ടായിരുന്നു സ്വാമികൾ കാട്ടിലും മലയിലും വസിച്ചിരുന്നതു്. പുലി, കരടി, പന്നി,

പാമ്പ് മുതലായ ദുഷ്ടജന്തുക്കളുള്ള കാട്ടുകളിൽ കാലം കഴിക്കുന്നതിന്നു സ്വാമികൾക്കു യാതൊരു ഭയവും ഉണ്ടായിരുന്നില്ല. നല്ല ജലസൌകര്യമുള്ള സ്ഥലങ്ങൾ കണ്ടുപിടിച്ച് ആ വക സ്ഥലങ്ങളിലായിരുന്നു സ്വാമികൾ വസിക്കാറ്. മരുത്വാമലയിൽ ചുരുക്കം സ്ഥലങ്ങളിൽ മാത്രമേ ഉറവുവെള്ളം (ഉറവ്) ഉള്ളൂ. സാധാരണയാളുകൾക്ക് അവയൊക്കെ കണ്ടുപിടിക്കുവാൻതന്നെ പ്രയാസമാണെങ്കിലും സ്വാമികൾക്ക് ആ വക സ്ഥലങ്ങളൊക്കെ അറിയാമായിരുന്നു.

മരുത്വാ മലയിൽ ഏററവും അഗ്രത്തിലുള്ള പിള്ളത്തടം എന്ന ഗുഹയിലായിരുന്നു സ്വാമികൾ തപസ്സു ചെയ്തുകൊണ്ടിരുന്നതു്. ഈ ഗുഹ വിശാലമായതും ആളുകൾ ചെന്നുനോക്കിയാൽ കാണാതെ മറഞ്ഞിരിക്കാൻ തരമുള്ളതും പരിസരശുദ്ധിയും വാസസുഖവും ഉള്ളതും ആകുന്നു. സമുദ്രത്തിന്നു് അഭിമുഖമായ ദ്വാരത്തോടുകൂടിയതായതിനാൽ ശുദ്ധവായു സേവിക്കാൻ വളരെ സൌകര്യമുള്ളതാണെന്നു മാത്രമല്ല, കാററിന്റെ ഉപദ്രവം അധികം ഉണ്ടാകുമ്പോൾ അതിന്റെ ബാധയിൽനിന്നു് ഒഴിഞ്ഞുനില്ക്കുവാൻതക്ക സ്ഥിതിയിലുള്ളതുമാകുന്നു. ഉള്ളിൽ നല്ല ശുദ്ധ മണലുണ്ടു്. അതിൽ ഭേ വിരിച്ചിരിക്കാൻ ബഹു സുഖമുള്ളതാണു്.

ഗൌതമബുദ്ധൻ തപസ്സുചെയ്തിരുന്ന ഗുഹയെപ്പററി ശ്രീബുദ്ധചരിത്രത്തിൽ വിവരിച്ചതു് ഈ സന്ദർഭത്തിൽ വാ

യനക്കാൎക്കു രസകരമായിരിക്കും എന്നു വിചാരിച്ച് അതു ചോടേ ഉദ്ധരിക്കുന്നു:—

“അനപായമായതിൻ തങ്കമൂർത്ത്യർത്ഥം
ഖനനം ചെയ്യാത്തതായ് കാണുന്നുവിപ്ലുതമായ്
വന്നവർ ക്രന്തൽചിന്തം ഭരതാവനിക്കുള്ളാ-
രന്നഖകളുന്നപൂർവം പൊരുളൊതുങ്ങിഹാരുഖം.
ബോധിസത്വൻ തന്നുള്ളിൽ നിർവ്വാണഗീതസാരം
സാധനംചെയ്തതാര്യം കേട്ടതിസ്ഥലമല്ല്യ—
അതിന്നെ നമസ്കരിക്കേണം നാമതിനേകാം
ക്ഷിതിയിൽപാവനമായ് മററൊരടക്കില്ലല്ലോ
വേനലിൽവനം വെന്തുപാറും മൻനിരകൾ
കാനൽനീർമേഞ്ഞു കാട്ടും വൻ വേയിലിലും,
കൊടിയ വൎഷത്തുവിൽ കാററിൽ വന്മരങ്ങളാ-
ഞ്ഞടിയുമാറ്ചീറിപ്പെയ്യും പേമഴയിലും,
പടമല്ലന്നും ചോരയുറഞ്ഞു രോമം ചീളും
തടിയിൽ വിറതട്ടും ഹേമന്തശൈത്യത്തിലും
സുന്ദരകളേബരൻ ലോകരക്ഷാർത്ഥം മണി-
മന്ദിരാളികൾവെടിഞ്ഞുഴറിവനംപുക
വന്ദനീയൻ ശ്രീ ഭഗവാൻ ഭാരമാക ചീ-
കരമാലുന്ന നൽകിയ തൊട്ടുകാലം
അതിനുള്ളിലെ നിരപ്പില്ലാത്ത ശിലാതല-
മതിമേൽ വ്യാമർദ്ദഭംഗുരങ്ങൾ വിരിച്ചതിൽ
ഛ്രുതിയാലന്ധകാരം നീക്കിയാ ധ്യാനശീലൻ
സ്ഥിതിചെയ്തീടും മേഘാലയത്തിലിന്നുപോലെ.

ഇനിയും കുറേ കാലം കഴിഞ്ഞു നാരായണ ഗുരുസ്വാമിയുടെ ഉപദേശങ്ങളുടെ വിലയും അവിട്ടത്തെ ജീവിത

ത്തിന്റെ പരിശുദ്ധിയും ശരിയായി മനസ്സിലാക്കാൻ കഴിയുന്ന ജനങ്ങൾ കേരളത്തിൽ അധിവസിക്കുന്ന കാലത്തു, മരുത്വാമലയിലെ മേല്പറഞ്ഞ ഗുഹയും ഇതുപോലെതന്നെ കാവ്യവിഷയം മാത്രമല്ല, ധ്യാനവിഷയവും ആയിത്തീരും.

സ്വാമികൾ ഈ ഗുഹയിൽ ഇരിക്കുന്ന കാലത്തു് ഒരു ദിവസം അർദ്ധരാത്രി സമയം, നല്ല ചന്ദ്രികയുള്ളപ്പോൾ, അവിടത്തെക്കു സഹിക്കവഹിയാത്ത വിശപ്പുണ്ടായി. അടുത്തൊന്നും ഭക്ഷ്യസാധനങ്ങൾ കിട്ടുകയില്ല. വെള്ളത്തിന്നു കുറേ ദൂരം പോകണം. സ്വാമികൾ ഗുഹയിൽനിന്നു വെളിക്കിറങ്ങി ഒരു പാറയുടെ മുകളിൽ ഇരിപ്പായി. കുറെ സമയം കഴിഞ്ഞപ്പോൾ, വൃദ്ധനായ ഒരു കുഷ്ഠരോഗി ഒരു പനയോലയിൽ അരി വറുത്തു പൊടിച്ചതും കുറെ വെള്ളവുംകൊണ്ടു സ്വാമികൾ ഇരിക്കുന്ന സ്ഥലത്തേക്കു ചെന്നു, "വിശക്കുന്നോ, വരൂ, ഭക്ഷിക്കാം" എന്നു പറഞ്ഞു്, അരിപ്പൊടിയും വെള്ളവും അടുക്കൽ കൊണ്ടുചെന്നുവെച്ചു. രണ്ടുപേരും ഒന്നിച്ചു് അതിൽനിന്നു വാരി ഭക്ഷിക്കുകയും ചെയ്തു.

ഭക്ഷണം കഴിഞ്ഞു ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ആ രോഗിയെ എങ്ങും കണ്ടില്ല. കാണാതാകുന്നതുവരെ അയാളെപ്പററി സ്വാമികൾ വിശേഷവിധിയായി ഒന്നും വിചാരിച്ചിരുന്നില്ലെങ്കിലും കാണാതായപ്പോൾ ആശ്ചര്യം തോന്നി. ചുററുമുള്ള സ്ഥലങ്ങളിലൊക്കെ ചെന്നു

നോക്കി. എങ്ങും കണ്ടില്ല എന്നല്ല, അയാളെ പിന്ന
ഒരിക്കലും സ്വാമി കണ്ടിരുന്നില്ലത്രെ. കുഷ്ഠരോഗിയെപ്പററി
ചിന്തിക്കുന്തോറും സ്വാമിക്ക് അത്ഭുതം വർദ്ധിച്ചുതുടങ്ങി.
രോഗിയാവട്ടെ കൈകാലുകളുടെ വിരലുകളെല്ലാം അലി
ഞ്ഞുപോയി നടക്കുവാൻപോലും ശക്തിയില്ലാതെ വളരെ
അവശനായ ആൾ; എന്നല്ല, വൃദ്ധൻ! നല്ല ബലവാന്മാർ
പോലും പകൽ സമയത്തുകൂടി കയറിച്ചെല്ലുവാൻ സാധിക്കാ
ത്ത ആ സ്ഥലത്ത് അയാൾ രാത്രികാലം എങ്ങിനെ കയ
റിച്ചെന്നു? പിന്നീട് എവിടെ എങ്ങിനെ പോയിമറഞ്ഞു?
അങ്ങിനെയുള്ള ഒരു രോഗിയോടൊന്നിച്ചു വെറുപ്പില്ലാതെ
സ്വാമി എങ്ങിനെ ഭക്ഷണം കഴിച്ചു? അയാൾ ഒന്നിച്ചു
ണ്ടായിരുന്ന അവസരത്തിൽ ഇതൊന്നും സ്വാമികൾ ഓ
ർത്തിരുന്നില്ല. അവർ തമ്മിൽ അധികമൊന്നും സംസാരി
ച്ചിരുന്നതുമില്ല.

ഈ വിവരം സ്വാമികളുടെ മുഖത്തുനിന്നുതന്നെ കേ
ട്ട ശിഷ്യന്മാർ പറഞ്ഞറിഞ്ഞതാണ്.

കുറെ നാൾ കഴിഞ്ഞതിനുശേഷം നാണു ആശാൻ മല
യിൽ തപസ്സുചെയ്യുന്ന വിവരം കർണ്ണാകർണ്ണികയാ രാജ്യ
ത്തു പരന്നു. ഇപ്പോൾ 75-ൽ പരം വയസ്സുള്ളവരും
സ്വാമിയിൽ പരമഭക്തിയുള്ളവരും ആയ ചെട്ട്യമ്മ
എന്നാവരുടെ ഭർത്താവും അന്ന് ഒരു ഓവർസ്യരും ആയിരു
ന്ന ദേഹം കുറെ കൂലിക്കാരേയും കൂട്ടി മലയിൽ എത്തി വഴി

തെളിയിച്ചു, സ്വാമിയുടെ ഇരിപ്പിടം കണ്ടുപിടിച്ചു. അപ്പോൾ തപസ്വിയുടെ ഇരുവശവും കുറെ അകലെയായി കടുവാക്കൾ ഇരിക്കുന്നതായി കണ്ടിരുന്നുവെന്നും സ്വാമിയുടെ ആജ്ഞയനുസരിച്ച് അവ അകന്നുപോയെന്നും, അദ്ദേഹം തന്റെ പത്നിയോടു പറഞ്ഞിരുന്നു. ഈ അമ്മ സ്വാമിയിൽ അനിതരസാധാരണമായ ഭക്തിയുള്ളവരായി ഇന്നും കാണപ്പെടുന്നു.

മരുത്വാമല വിട്ടിറങ്ങിയതിൽപിന്നെ സ്വാമികൾ തെക്കെ ഇന്ത്യയിൽ പലേദിക്കിലും സഞ്ചരിക്കുകയും പലേ ക്ഷേത്രങ്ങളും സന്ദർശിക്കുകയും ചെയ്തിരുന്നു. ഏകനായി അജ്ഞാതനായി നടക്കുകയും കിട്ടുന്നതു ഭക്ഷിക്കുകയും എത്തുന്ന ദിക്കിൽ കിടന്നുറങ്ങുകയും ചെയ്തുകൊണ്ടിരുന്ന സ്വാമികളിൽ വിശേഷവിധി ഗുണങ്ങൾ കണ്ടറിഞ്ഞവരൊക്കെ അദ്ദേഹത്തെ ഒരു സിദ്ധനായി സ്വീകരിച്ചു. ശുചീന്ദ്രത്തുള്ള ജനങ്ങൾ സ്വാമികളെ നിർബ്ബന്ധപൂർവ്വം ക്ഷേത്രത്തിൽ കൂട്ടിക്കൊണ്ടുപോയി പുഷ്പഹാരാദികൾ അണിയിച്ചു ഉത്സവം നടത്തുകപോലും ചെയ്തതായി കേട്ടിട്ടുണ്ട്.

പരിശുദ്ധമായ ഹിന്ദുമതത്തിന്റെ ഒരു വിശിഷ്ട സന്താനമായ നാരായണ ഗുരുസ്വാമി ദേശവ്യത്യാസമോ ജാതിവ്യത്യാസമോ ഇല്ലാതെ സർവ്വരാലും അവകാശപ്പെടാവുന്ന പുണ്യവാനായിരുന്നുവെങ്കിലും കേരളത്തിൽ നികൃഷ്ടനിലയെ പ്രാപിച്ച വർണ്ണാചാരത്താൽ അധഃപതിച്ചുകിട

ക്കുന്ന സമുദായത്തെ ഉദ്ധരിക്കാൻവേണ്ടി ജനിച്ച ആളാക യാൽ അവിടുന്നു, കേരളത്തിലേക്കുതന്നെ മടങ്ങിവന്നു. എന്നാൽ തൻെറ അദ്ധ്യാത്മജ്ഞാനത്തെ കമ്മയോഗിയുടെ നിലയിൽ ഉപയോഗിച്ചു,

അന്യൎക്കുണ്ണംചെയ്യതിനായുസ്സുവപുസ്സും
ധന്യതപമോടങ്ങാത്മതപസ്സുംബലിചെയ്യാൻ,

ലോകരുടെ ഇടയിൽ ഇറങ്ങുന്നതിന്നുമുമ്പ് അല്പകാലം അവിടുന്നു ലാക്കുതെററിയ ആളേപ്പോലെയും യാതോരു ഉദ്ദേശവും ഇല്ലാത്തതുപോലെയും നടക്കുകയാണു ചെയ്യതു്. കന്യാകുമാരി, കളച്ചൽ, കരിങ്കുളം, പൂവാർ, കോവളം, തിരുവനന്തപുരം, അഞ്ചുതെങ്ങു മുതലായ സ്ഥലങ്ങളിലെ കടപ്പുറങ്ങളിൽ സ്വാമികൾ അധികനാൾ അവധൂതനായി സമയം പോക്കീട്ടുണ്ടു്. ഇങ്ങിനെ സഞ്ചരിക്കുന്ന കാലത്തു, നാഗരുകോവിലിൽ "അമ്മാൾ" എന്നു പറയപ്പെടുന്ന ഒരു മഹായോഗിനി കേവലം നഗ്നയായി സമാധിയിൽ ലയിച്ചുകൊണ്ടു കിടന്നുകൊണ്ടിരുന്നുവെന്നും, സ്വാമികൾ ആ മഹതിയെ ചെന്നു വന്ദിച്ചുവെന്നും അവിടുന്നു് ഒരു മാമ്പഴം എടുത്തുകൊടുത്തു സ്വാമിയെ അനുഗ്രഹിച്ചുവെന്നും അറിയുന്നു. ഇതു സ്വാമികളുടെ ജീവചരിത്രം വല്ലവിധത്തിലും എഴുതി പരസ്യം ചെയ്യുവരൊക്കേ രേഖപ്പെടുത്തിക്കാണുന്ന പരമാൎത്ഥമാകുന്നു.

തൻെറ പ്രവൃത്തി അധഃകൃതരുടെ ഇടയിലാണെന്നും

തൻെറ ഉദ്ദേശം അധഃകൃതോന്നമനമാണെന്നും ലോകത്തി
നു മനസ്സിലാക്കിക്കൊടുക്കുവാൻ എന്നപോലെ, ജ്ഞാന
സിദ്ധി കഴിഞ്ഞു കാര്യപദ്ധതിയിൽ ഇറങ്ങുന്നതിന്നു, മധ്യേ
ത്തിലുള്ള ആ കാലത്തു നാരായണ ഗുരുസ്വാമി പാവങ്ങളു
ടെ ഇടയിൽ ജീവിക്കുകയും അവരുടെ ഭക്ഷണം കഴിക്കുക
യും ചെയ്തുപോന്നു. മുക്കുവരുടെ ഒന്നിച്ചു ചേൎന്നു മത്സ്യ
പിടിക്കുന്നതിൽ സഹായിക്കുന്നതിൽ ഉത്സുകനായിരുന്ന
വെന്നുകാണുന്നു. കിട്ടുന്നതൊക്കെ ഭക്ഷിക്കും. മത്സ്യത്തോടു
വളരേ പ്രിയമായിരുന്നു. അതിലും വിശേഷിച്ചു കൊഞ്ചു
വെന്നും കൊഞ്ചൻ എന്നും പറയുന്ന മത്സ്യത്തോടു വളരേ
ഇഷ്ടമായിരുന്നുവെന്നാണ് അറിയുന്നതു്. രാത്രികാലങ്ങളി
ൽ സമുദ്രത്തിന്ന് അഭിമുഖമായി കടപ്പുറത്തിരുന്നു ധ്യാനം
ചെയ്തുകൊണ്ടിരിക്കും. കിടപ്പു മുക്കുവർ കടപ്പുറത്തു് ഇട്ടി
രുന്ന വലയിൽ ആയിരുന്നു. വെളുപ്പാൻ കാലത്തു അവർ
മത്സ്യം പിടിക്കുമ്പോൾ സ്വാമികൾ അവരോടൊന്നിച്ചു
ചേൎന്നു വല വലിച്ചുകൊടുക്കുകയും അവർ സ്വാമികൾക്കു
മത്സ്യം ചുട്ടും വേവിച്ചും പലതരത്തിൽ പാകംചെയ്തു കൊ
ടുക്കുകയും ചെയ്തുപോന്നിരുന്നു. സ്വാമികൾ ചെന്നു വല
തൊട്ടാൽ അന്നു മത്സ്യം അധികം കിട്ടുമെന്നു അവൎക്കു വി
ശ്വാസമുണ്ടായിരുന്നു. ഈ നിലയിൽ അവൎക്കു സ്വാമിക
ളെ വലിയ കാൎയ്യമായിരുന്നുവെന്നു മാത്രമല്ല, അവരുടെ ഇ
ടയിൽ എവിടെ പോയാലും സ്വാമികൾക്കായി എന്തും
കൊടുക്കുന്നതിന്ന് അവർ സന്നദ്ധരായിരുന്നു.

സ്വാമി നാരായണതീർത്ഥർ ഇങ്ങിനെ എഴുതിയിരിക്കുന്നു:—"വല പിടിച്ചു കിട്ടുന്ന മത്സ്യവുംകൊണ്ടു അടുത്തു വളരേ ദാരിദ്ര്യസ്ഥിതിയിൽ കഴിച്ചുകൂട്ടുന്ന ഒരു കിഴവിയുടെ കുടിലിൽ അവധൂതൻ ചെല്ലും. മാങ്ങയണ്ടിയുടെ പരിപ്പ് ഇടിച്ചു കുറുക്കിയായിരുന്നു കിഴവിയുടെ അത്താഴം. അവധൂതൻ കൊണ്ടുചെന്ന മത്സ്യം കിഴവിക്കു കൊടുക്കും. അപ്പോൾ കിഴവി തന്റെ മേല്പറഞ്ഞ അത്താഴത്തിൽ ഒഹരി അവധൂതന്നും കൊടുക്കും. ഇങ്ങിനെ ഏതാനും നാൾ കഴിഞ്ഞു. കിഴവിയുടേയും അവളുടെ ഏക പുത്രിയായ ഒരു പെൺകുട്ടിയുടേയും ദാരിദ്ര്യസ്ഥിതികണ്ടു, തൊണ്ടു (മടൽ) അഴുക്കിത്തല്ലി ചകരിയാക്കി കയറുണ്ടാക്കുന്നതിന്ന് അവധൂതൻതന്നെ അവരെ പഠിപ്പിച്ചുകൊടുത്തു. തൻമൂലം അവർ ദാരിദ്ര്യത്തിൽനിന്നും കര കയറി."

നാണു ആശാനുണ്ടു, മലയിൽ തപസ്സു കഴിഞ്ഞു നാട്ടിൽ സഞ്ചരിക്കുന്നവെന്നും അദ്ദേഹം പലേ അത്ഭുതങ്ങളും നടത്തുന്നുണ്ടെന്നും ഉള്ള പ്രസ്താവം ജനങ്ങളുടെ ഇടയിൽ പരന്നുതുടങ്ങി. ഈ ഘട്ടത്തിലായിരുന്നു പലരും അവിടുത്തെപ്പററി "നാണുസ്വാമി" എന്നു പറഞ്ഞുതുടങ്ങിയതു്. ചിലർ നാണുസ്വാമിയുടെ അദ്ധ്യാത്മജ്ഞാനത്തിൽ വിശ്വസിക്കുകയും ചിലർ അദ്ദേഹം ഭ്രാന്തനാണെന്നു പറഞ്ഞു പരിഹസിക്കുകയും വേറെ ചിലർ അദ്ദേഹത്തെ സാധാരണ കാണാറുള്ള ഭിക്ഷക്കാരുടെ കൂട്ടത്തിൽ ഗണിച്ചുപോരുകയും

ചെയ്തു. സ്വാമിയുടെ മാതുലന്മാരെയും തറവാട്ടു സ്ഥിതിയും അറിഞ്ഞിരുന്ന ചിലൎക്ക് അവിടുന്നു ഇങ്ങിനെ "ലക്കുതെററിയ" ആളെപ്പോലെ നടക്കുന്നതിൽ വ്യസനവും അനുകമ്പയും ഉണ്ടായി. "പരേതനായ ചാവർക്കോട്ടു കൊച്ചുചെറുക്കൻ വൈദ്യൻ അവർകൾ ഒരു ദിവസം രാവിലെ കൈയ്യിൽ തോക്കും ഏന്തി മുയലിനെ വെടിവെക്കുന്നതിന്നു പോകുന്ന വഴിയിൽ ഒരു പുലക്കുടിഞ്ഞിലിൽ കോമളനായ ഒരാൾ കയറി നില്ക്കുന്നതായും അടുപ്പിൽനിന്ന് എന്തോ കോരിയിട്ടു തിന്നുന്നതായും ആ അവസരത്തിൽ അവിടുത്തെ പുലയി അമ്പരന്നു ദൂരെ മാറി നില്ക്കുന്നതായും കണ്ടു. പച്ചപ്പുതപ്പും പുതച്ചുനില്ക്കുന്ന ആൾ നാണുസ്വാമിയാണെന്നു ബുദ്ധിമാനായ വൈദ്യർ ഉടനെ മനസ്സിലാക്കി, അടുത്തുചെന്നു സ്വഗൃഹത്തിലേക്കു ക്ഷണിച്ചു. എവിടേക്കാണെന്നു സ്വാമി ചോദിച്ചപ്പോൾ, ചാവർക്കോട്ടാണെന്നു പറകയും "ഓ, നാം കേട്ടിട്ടുണ്ട് എന്തിന്നു വരണം?" എന്നു സ്വാമികൾ മറുവടി ചോദിക്കുകയും ചെയ്തു. കളിയും മററും കഴിക്കാമല്ലൊ എന്നു പറഞ്ഞു വൈദ്യർ കൂട്ടിക്കൊണ്ടുപോയി. അവിടെവെച്ചു ചില അത്ഭുതങ്ങളൊക്കെ നടന്നതായി കേട്ടിട്ടുണ്ട്. പക്ഷെ വിശ്വാസയോഗ്യമായ അറിവു കിട്ടായ്കയാൽ ഇവിടെ എഴുതുന്നില്ല."

ഒരു മാന്യൻ ഇങ്ങിനെ എഴുതിയിരിക്കുന്നു:—"സ്വാ

മികാം ത്യാഗിയായി തിരുവനന്തപുരത്തു സഞ്ചരിച്ചിരുന്ന കാലത്തു് അവിടുത്തെയെ ആദരിച്ചതു് അധികവും തമിഴരും ചുരുക്കം നായന്മാരും ആയിരുന്നു. ഡാക്ടർ പല്പുവിന്റെ കുടുംബം ഒന്നൊഴികേ ഈഴവരാരും സ്വാമികളെ ആദരിച്ചില്ലെന്നു മാത്രമല്ല, പലരും ഭ്രാന്തനെന്നും മററും പറഞ്ഞു നിന്ദിക്കപോലും ചെയ്തിട്ടുണ്ടു്. എന്നാൽ ഡാക്ടർ പല്പുവിന്റെ വീട്ടിൽ ചെന്നു പലപ്പോഴും ഭക്ഷണം കഴിക്കാറുണ്ടായിരുന്നു. നാടാന്മാരുടേയും ചാന്നാന്മാരുടേയും കൂടെ സ്വാമികൾ സഹവസിക്കുകയും ക്രിസ്ത്യാനികളുടേയും മുസൽമാന്മാരുടേയും സ്നേഹബഹുമാനങ്ങൾക്കു പാത്രമാകുകയും ചെയ്തിരുന്നു. മുസൽമാന്മാരുടെ ഒന്നിച്ചു പഴകിയിരുന്നുവെന്നു മാത്രമല്ല, അവർ ബിരിയാണിയും പുലാവും കോഴിക്കറിയും മററും ഉണ്ടാക്കി സ്വാമികൾക്കു പലപ്പോഴും വിരുന്നു കൊടുത്തിരുന്നു. അവരുടെ ഒന്നിച്ചു പലരുംകൂടി ഒരേ പാത്രത്തിൽനിന്നു് ആഹാരം കഴിച്ചിട്ടുണ്ടെന്നും സ്വാമികൾതന്നെ പലപ്പോഴും പറഞ്ഞിട്ടുണ്ടു്."

പെരുങ്ങാലാ കൊച്ചുനാരായണൻ വൈദ്യൻ എന്നൊരാളോടു സ്വാമികൾ പിന്നീടു് ഒരു അവസരത്തിൽ "തന്റെ അവധൂതകാലത്തിലുള്ള ചില ചര്യകളെപ്പററി പറഞ്ഞതിനെ കേട്ടുകൊണ്ടിരുന്ന സരസകവി മൂലൂർ തന്റെ സ്മരണകളിൽ അവയെ രേഖപ്പെടുത്തിയിരിക്കുന്നു. സ്വാമികൾ ഇങ്ങിനെ പറഞ്ഞുപോൽ:—"നാം തിരുവന

ന്നപുരത്തു താമസിച്ചിരുന്ന അവസരങ്ങളിൽ രാത്രിയിൽ കടപ്പുറത്തുപോയി മുക്കുവന്മാരുടെ പൊങ്ങുതടികളിൽ കിടന്നുറങ്ങുക പതിവായിരുന്നു. മുക്കുവർ പൊങ്ങുതടികൾ കടലിൽ ഇറക്കി വലയിടാൻ വരുന്നതു പ്രഭാതത്തിനു വളരേ മുമ്പേയാണ്. അപ്പോൾ നാം എഴുന്നേററു പോയ്ക്കളയും. അങ്ങനെ പോയാൽ മുപ്പതും നാല്പതും നാഴികവരെ നടക്കമായിരുന്നു. എന്നാൽ അപ്രകാരമുള്ള ദീർഘ സഞ്ചാരം കൊണ്ടു, കാൽ കഴപ്പുമുതലായ സുഖക്കേടുകൾ ഒന്നും അന്നു് ഉണ്ടായിരുന്നില്ല. നാം മുഹമ്മദീയരുടെ കൂടെ വളരെനാൾ നിവസിച്ചിട്ടുണ്ടു്. അവരോടൊരുമിച്ചിരുന്നു ഭക്ഷണം കഴിച്ചിട്ടുണ്ടു്. മത്സ്യമാംസങ്ങൾ അന്നു ഉപയോഗിച്ചിട്ടുണ്ടു്. അവരുടെ കുട്ടികളെ നാം എടുക്കുകയും കുട്ടികൾക്കു ചോറു വാരി കൊടുക്കുകയും ചെയ്തിട്ടുണ്ടു്."

ഷാജഹാൻ ചക്രവർത്തിയുടെ മൂത്ത മകനായിരുന്ന മുഹമ്മദ് ദാരാ ഷിക്കോ എന്ന രാജകുമാരൻ എഴുതിയ, "റിസലാ ഇഹക്ക് നുമാ" എന്ന ഗ്രന്ഥത്തിലും "ഡിൽ ഇ മുസ്ഥ്വാർ," "ഡിൽ ഇസനൌബാറി" എന്ന ഗ്രന്ഥങ്ങളിലും വിവരിച്ച മുസൽമാൻ യോഗാഭ്യാസ സമ്പ്രദായങ്ങളെപ്പററി സ്വാമികൾക്കു വളരേ സമ്മതമായിരുന്നു. അവരുടെ കൊറാനിലുള്ള വാക്യങ്ങൾക്കു സ്വാമികൾ സ്വന്ത യുക്തിപ്രകാരം പറയുന്ന അർത്ഥങ്ങളെല്ലാം അവർക്കും സമ്മതമായിരുന്നു. തെക്കൻ തിരുവിതാംകൂറിൽ തമിഴിലുള്ള മു

സൽമാൻ ശാസ്ത്രങ്ങളെല്ലാം കൂലംകഷമായി പഠിച്ച വിദ്വാന്മാരായ മുഹമ്മദീയ പുരോഹിതന്മാൎക്കെല്ലാം സ്വാമികളെ വലിയ ബഹുമാനമായിരുന്നു, ക്രിസ്ത്യാനികളിൽ പലരും സ്വാമികളെ ബഹുമാനിച്ചു. അരുവിപ്പുറം ക്ഷേത്രത്തിലുള്ള മയിൽവാഹനം തിരുവനന്തപുരം പേട്ടയിലുള്ള മേരിയൻ ചട്ടമ്പി എന്ന ക്രിസ്ത്യാനി മാന്യൻ സ്വാമികൾക്കു സമ്മാനിച്ചതായിരുന്നു.

ഈ ഘട്ടത്തിലും നമ്മൾ അല്പം വിളംബിച്ച്, ഈ അവസരത്തിൽ സ്വാമികളുടെ സ്ഥിതി എന്തായിരുന്നുവെന്ന് ആലോചിച്ചുനോക്കുന്നതു രസകരമായിരിക്കും: ചെറുപ്പത്തിൽത്തന്നെ അസാമാന്യമായ ബുദ്ധിശക്തിയും സ്വഭാവഗുണങ്ങളും പ്രദൎശിപ്പിച്ചു, ഗുരുനാഥന്നും സഹപാഠികൾക്കും പരിചിതന്മാൎക്കും, അത്ഭുതത്തിന്നും ബഹുമാനത്തിന്നും സംഗതി വരുത്തത്തക്ക വേഗത്തിൽ വിദ്വത്തം സമ്പാദിച്ചു, സ്വാഭാവികമായിട്ടുതന്നെ പ്രപഞ്ചസുഖത്തിൽ വിരക്തിയെ പ്രത്യക്ഷപ്പെടുത്തി, നാടും വീടും ഉപേക്ഷിച്ച്, അനന്യസാധാരണമായ ധീരതയോടുകൂടി അദ്ധ്യാത്മ രഹസ്യങ്ങളെ സ്വയമേവ അനുഭവിച്ചറിയുവാൻ ഋഷികല്പിതങ്ങളായ മാൎഗ്ഗത്തിൽ പ്രവേശിച്ചു ഗുരുവിൽനിന്ന് ഉപദേശം സ്വീകരിച്ചു, നിൎജ്ജനസ്ഥലത്തുപോയി തപസ്സുചെയ്തു മടങ്ങി രാജ്യത്തു പല ദിക്കിലും ഊണിന്നും ഉറക്കിന്നും വ്യവസ്ഥയില്ലാതെയും ആരേയും ഒന്നിനേയും ഭയമില്ലാതെ

യും അവധൂതനായി നടക്കുന്ന ഒരാൾ! ബാലചാപല്യം അനുസരിച്ചു കളിച്ചു പുളച്ചു നടക്കുന്ന കുട്ടികളുടെ കല്ലേറിനും കൂക്കിവിളിക്കും പരിഹാസത്തിനും, ഇങ്ങിനെ നടക്കുന്നതിന്റെ അർത്ഥം ഗ്രഹിക്കാൻ സാധിക്കാത്ത പ്രാപഞ്ചികന്മാരുടെ നിന്ദക്കും, തന്റെ കുടുംബത്തേയും തറവാട്ടിനേയും അറിയുന്ന ഗൃഹസ്ഥന്മാരുടെ അനുകമ്പക്കും പാത്രമായ ഈ മനുഷ്യന്റെ യഥാർത്ഥ ഗുണങ്ങൾ അറിവാൻ കഴിയുന്നവരായി അധികം പേർ ഇല്ലാതിരുന്നതിൽ എന്താണ് അത്ഭുതം! കലങ്ങിമറിഞ്ഞു കുത്തിയൊഴുകുന്ന നദിയുടെ ജലപതനം വെറും വെള്ളവും നുരയുമായിട്ടു കരുതുകയല്ലാതെ അതിൽനിന്നു എത്രയോ ശക്തിയും മഹത്വവും ഉള്ള വിദ്യുച്ഛക്തിയെ ജനിപ്പിച്ചു ലോകത്തിന്ന് അളവററ ഗുണങ്ങൾ വരുത്താമെന്നു ജനങ്ങളാരും കണ്ടറിയാതിരുന്നതു നദിയുടെ കുററമാണോ? കണ്ടറിയപ്പെട്ടശേഷം അതിനെക്കൊണ്ടു ഗുണപ്പെടാൻ വല്ലവരും അതുശ്രമിക്കുന്നില്ലെങ്കിൽ നദിയുടെ കുററമാണോ?

ജനോപകാരമായി പരിണമിക്കാവുന്ന അനർഘമായ ശക്തികളെ ഉള്ളിൽ വഹിച്ചുകൊണ്ടു് ആവശ്യമുള്ളവർ കണ്ടറിഞ്ഞു് ഉപയോഗപ്പെടുത്തിക്കൊള്ളത്തക്കവണ്ണം, തെക്കേ ഇന്ത്യയിൽ കാവേരി മഹാനദിപോലെ നാരായണഗുരുസ്വാമികൾ അവധൂതനായി ഒഴുകിക്കൊണ്ടിരിക്കുക തന്നേ ചെയ്യു.

ഇങ്ങിനെ പച്ചേ കാട്ടുകളിലും ഗുഹകളിലും ഗ്രാമങ്ങളിലും എല്ലാം സഞ്ചരിച്ചതിന്നു ശേഷമാണു സ്വാമികൾ അരുവിപ്പുറത്തു ചെന്നുചേൎന്നതു്.

അരുവിപ്പുറം

അഗസ്ത്യകൂടത്തിൽനിന്നു് ഉത്ഭവിച്ചു, തെക്കൻ തിരുവിതാംകൂറിലെ ചില പ്രദേശങ്ങളെ ഫലപുഷ്ടിയുള്ളതാക്കി ഒഴുകുന്ന "നെയ്യാറു്" എന്ന നദി, പൂവാറിന്നു സമീപം കടലിൽ ചേരുന്നു. ഉത്ഭവസ്ഥാനത്തുനിന്നു് 20 നാഴിക ചെന്നാശേഷം ഈ പുഴ അനേകം കട്ടപ്പാറകളിന്മേൽക്കൂടി തധാതധരശബ്ദത്തിൽ ഒഴുകിവീഴുന്ന സ്ഥലത്തിന്നു, "ശങ്കരൻകുഴി" എന്നാണു പേർ. വൎഷം നിലെച്ചു പുഴയിൽ വെള്ളം കുറഞ്ഞിരിക്കുന്ന കാലത്തു ശങ്കരൻകുഴി കാണ്മാൻ അതി രമണീയമാകുന്നു. "നരച്ചിരച്ചു ധവളിച്ചു" ചാടി ഒഴുകിവരുന്ന വെള്ളത്തിന്നിടയിൽ, അവിടവിടെ കറുത്തു വഴുക്കലുള്ള "ശുഷ്ക ശിലകൾ," സദുപദേശങ്ങൾ കേട്ടിട്ടും മാൎഗ്ഗനിരോധം ചെയ്യുന്നതിൽനിന്നു വിരമിക്കാത്ത ദുഷ്ടഹൃദയങ്ങളെപ്പോലെ പുഴയുടെ ഗതിയെ തടയുവാൻ ശ്രമിച്ചുകൊണ്ടു മുഴച്ചു പൊങ്ങിനില്ക്കുന്നു. ഇരു ഭാഗത്തുമുള്ള ചെറിയ കുന്നുകളിൽ പലതരം ചെടികളും വലിയ വൃക്ഷ

ങ്ങളും നിബിഡമായി വളൎന്നുനില്ക്കുന്നു. ഈ ഭൂഭാഗത്തെ ആകാശത്തു പറക്കുന്ന പക്ഷികളുടെ സ്ഥാനത്തുനിന്നു നോക്കുന്നതായാൽ പച്ചപ്പട്ടിൻെറ മദ്ധ്യത്തിലുള്ള വെള്ളിക്കസവു കറുത്ത പുള്ളികളാൽ അലംകോലപ്പെട്ടതുപോലെ തോന്നും.

ശങ്കരൻകുഴിയുടെ ഇടത്തുകരയിലുള്ള ചെറുകുന്നു കേരള രാജ്യത്തിൻെറ മതസംബന്ധമായും സമുദായസംബന്ധമായും ഉള്ള അഭിവൃദ്ധിയുടെ ചരിത്രത്തിൽ വളരെ മുഖ്യതയുള്ള ഒന്നായി തീൎന്നിരിക്കയാണ്. ഒരു കാലത്തു് അതു വെറും കാടായിരുന്നു. പ്രകൃതിയുടെ നിസൎഗ്ഗ സൌന്ദൎയ്യത്തെ കണ്ടാനന്ദിക്കുകയും, നാട്ടിലെ ജനബാധയിൽനിന്നു് ഒഴിഞ്ഞുനില്ക്കുവാൻ ആഗ്രഹിക്കുകയും ചെയ്ത യോഗികളേയും മൃഗയാ വിനോദങ്ങളിൽ ഏൎപ്പെടുവാൻ കൊതിച്ച ഭോഗികളേയും മാത്രമേ ഈ കാട്, അക്കാലങ്ങളിൽ ആകൎഷിച്ചിരുന്നുള്ളു. ഇന്നാകട്ടെ, അതു് അനേകായിരം ഭക്തന്മാരെ ആകൎഷിക്കുന്ന പുണ്യസ്ഥലമായി തീൎന്നിരിക്കയാണ്. അതിൻെറ ഈ വിധം പരിണാമത്തിനു് ഏക കാരണം നമ്മുടെ ചരിത്രനായകനായ മഹായോഗി ശ്രീനാരായണ ഗുരുസ്വാമികളാകുന്നു.

"നാണു ആശാൻ തപസ്സു കഴിഞ്ഞു സിദ്ധനായി അരുവിപ്പുറത്തു് ഇരിക്കുന്നുണ്ടെന്നും അദ്ദേഹം പല അത്ഭുതങ്ങളും കാണിക്കുന്നുണ്ടെന്നും" ഉള്ള പ്രസിദ്ധി രാജ്യമെങ്ങും

പരന്നു. ഈ അത്ഭുതങ്ങളെപ്പററി അടുത്ത അദ്ധ്യായത്തിൽ പറയും. ഏതായാലും ജനങ്ങൾ കണ്ണാകണ്ണികയാ കേട്ട വൎത്തമാനങ്ങളിൽ പൊടിപ്പും തൊങ്ങലും ചേൎന്ന്, അതിശയോക്തിയുടെ കലൎപ്പു കടന്നുകൂടുകയും, അവയൊക്കെ പലരുടേയും അവിശ്വാസത്തിന്നും പരിഹാസത്തിന്നു തന്നേയും അക്കാലം കാരണമാകുകയും ചെയ്തിരുന്നു. എന്നാൽ സ്വാമികളെ നേരിട്ടു കാണുകയും അവിടുത്തെ ജീവിതക്രമത്തേയും സ്വഭാവ ഗുണങ്ങളേയും മനസ്സിലാക്കുകയും ചെയ്തവൎക്കൊക്കേ അവിടുത്തെ യഥാൎത്ഥസ്ഥിതി എന്താണെന്നു ശരിയായി ഗ്രഹിക്കുവാൻ സംഗതിയായി.

പാരിലില്ല ഭയമെന്നു മേറെയു-
ണ്ടാരിലും കരുണയെന്നു മേതിന്നും
പോരുമെന്നു മരുളീ പ്രസന്നമായ്
ധീരമായ മുഖ കാന്തിയാലവൻ.

തൽപ്പരത്വമവനാൎന്നിരുന്നിതെ-
ല്ലപ്പോഴും—വെന്നരിഷഡ്വൎഗ്ഗമാക്കുവാൻ
കോപ്പിടും നൃപതിപോലെയും, കളി-
ക്കോപ്പെടുത്ത ചെറുപൈതൽ പോലെയും.

ഇത്ര ധന്യത തികഞ്ഞു കാണ്മതി-
ല്ലത്രനൂനമൊരു സാൎവ്വഭൗമനിൽ:
ചിത്തമാം വലിയ വൈരി കീഴമ-
ൎന്നതൽ തീൎന്ന യമിതന്നെ ഭാഗ്യവാൻ.

എന്നിങ്ങിനെ ഒരു ജിതേന്ദ്രിയനെ വിവരിക്കുവാൻ മഹാകവിക്കു മാതൃകയായി മനസ്സിലുണ്ടായിരുന്നതു തന്റെ ഗുരുവായ ശ്രീനാരായണ ഗുരുസ്വാമിയായിരുന്നുവെന്നുള്ളതിന്നു സംശയമില്ല.

അധഃകൃതോന്നമനം ജീവിതോദ്ദേശമാക്കി കർമ്മപദ്ധതിയിലേക്ക് ഇറങ്ങുന്നതിന്നുമുമ്പിൽ, അരുവിപ്പുറം കുന്നിന്മേൽ,

ധ്യാനശീലനവനങ്ങധിത്യകാ
സ്ഥാനമാർന്നു ... ...

കേരളത്തെ നോക്കിയപ്പോൾ കണ്ട കാഴ്ച എന്തായിരുന്നു?

ഹിന്ദുമതത്തിന്നുണ്ടായിരുന്ന വിശിഷ്ട ഗുണങ്ങളൊക്കെ അവയെ പുലർത്തിക്കൊണ്ടു വരുവാൻ അധികാരപ്പെട്ടവരുടെ സ്വാർത്ഥതല്പരതയാലും ദുരഭിമാനത്താലും ആചാരദൂഷ്യത്താലും കണ്ടാലറിയാത്തവിധം അലങ്കോലപ്പെട്ടു കഴിഞ്ഞിരിക്കുന്നു. മതംകൊണ്ടുള്ള ഗുണം അനുഭവിക്കുന്ന ദുർല്ലഭം ചിലർ ധനംകൊണ്ടുള്ള ഗുണം അനുഭവിക്കുന്ന കൃപണന്മാരെപ്പോലെ ഇതരജനങ്ങളുടെ അഭിവൃദ്ധിയിൽ വിമുഖന്മാരെന്നല്ല, കേവലം അസൂയയുള്ളവരായിത്തന്നെ തീർന്നിട്ടു ശതവർഷം വളരെയായിരിക്കുന്നു. അതുകൊണ്ടു കൃപണന്റെ ധനംപോലെ, ഇവരുടെ മതവും സ്വന്തം ഉപയോഗത്തിന്നുപോലും കൊള്ളരുതാത്തതായിത്തീർന്നു. മ

താനനുഷ്ഠാനംകൊണ്ടു ഉണ്ടാകേണ്ടുന്ന അദ്ധ്യാത്മാഭിവൃദ്ധിയും അതുവഴിയായി സിദ്ധിക്കേണ്ടുന്ന ഇതര ഗുണങ്ങളും നഷ്ടപ്രായമായിത്തീൎന്നപ്പോൾ, തങ്ങൾക്കു മററുള്ളവരെക്കാൾ ഉണ്ടെന്നു വിശ്വസിച്ച ശ്രേഷ്ഠത നിലനിൎത്തുവാൻ വേറെ മാൎഗ്ഗങ്ങൾ തേടാതെ നിവൃത്തിയില്ലെന്നു വന്നു. ആ മാൎഗ്ഗമാണു ഇപ്പോൾ കാണുന്ന നിലയിലുള്ള ജാതിവ്യത്യാസം. അതിന്നു സൎവ്വജനങ്ങളുടേയും ആനുകൂല്യം ഉണ്ടാകേണമെന്നു കാംക്ഷിച്ചു, ആ മാൎഗ്ഗത്തിന്നു മതനബന്ധനകളുടെ അനുമതിയാൽ ദൈവികമായ പരിശുദ്ധി ഉപായത്തിൽ സ്ഥാപിക്കുവാൻ അവർ പരിശ്രമിക്കുകയും, അതു സാധിക്കുകയും ചെയ്തു. മനുഷ്യരുടെ ജാതിശ്രേഷ്ഠതക്കു അടിസ്ഥാനമായിരിക്കേണ്ടതു അവരവരുടെ ഗുണകൎമ്മങ്ങളായിരിക്കെ, അവകൾ ദുഷിച്ചു അവൎക്കു ശൈഥില്യം സംഭവിച്ചപ്പോൾ അതിന്റെ ക്രമത്തെ ഭേദപ്പെടുത്തി, ജാതിശ്രേഷ്ഠതയുടെ അടിസ്ഥാനം വ്യക്തിയുടെ ഗുണമായിരിക്കണം എന്നുള്ളതു മാററി, ഗുണത്തിനു അടിസ്ഥാനം ജാതിവലിപ്പമാണെന്നും ജാതിശ്രേഷ്ഠതക്കു ഏതു നീചകൎമ്മവും ബാധകമാകയില്ലെന്നും വരുത്തി. ധനത്തിന്നുള്ള അവകാശത്തെപ്പോലെ ജാതിക്കുള്ള അവകാശവും പിതൃവഴിക്കോ മാതൃവഴിക്കോ ഉള്ള പാരമ്പൎയ്യമായും വന്നുകൂടി. ഈ മാൎഗ്ഗത്തിന്നും അവകാശത്തിന്നും അക്കാലത്തെ ഹിന്തുരാജാക്കന്മാരുടെ അനുമതിയും സഹായവും ലഭിക്കുകയാൽ, അവ രണ്ടും രാജശാസനയായിത്തീരുകയും ചെയ്തു. ഇങ്ങി

ന്നെ ഉപായത്തിലും കൃത്രിമമായും ലഭിച്ച മതാനുമതിയും അന്ന്യായമായും നിൎദ്ദയമായും ലഭിച്ച രാജ സഹായവുംകൊണ്ടു ജാതിവ്യത്യാസം പാരമ്പൎയ്യാവകാശമായി രാജ്യത്തു സ്ഥിരപ്പെട്ടു. ഹിന്തുമതത്തിലെ മററുള്ള സൎവ്വ സിദ്ധാന്തങ്ങളേയും ഉപേക്ഷിച്ചാലും വൎണ്ണാശ്രമധൎമ്മങ്ങളെ ഉപേക്ഷിക്കരുതെന്നു വന്നുകൂടി. അതിലും വിശേഷിച്ച്, ആശ്രമധൎമ്മം ഇച്ഛാനുസരണം അനുസരിക്കാവുന്നതാണെങ്കിലും വൎണ്ണധൎമ്മം നിൎബ്ബന്ധമായി അനുസരിക്കേണമെന്നുള്ളതു സൎവ്വസാധാരണമായ ആചാരമായി. ചുരുക്കിപ്പറഞ്ഞാൽ ജാതിവ്യത്യാസത്തെ അനുസരിച്ചാൽ, ഹിന്തുമതം അനുസരിച്ചുവെന്നു വന്നുകൂടി.

ഇങ്ങിനെ ഹിന്തുമതമാകുന്ന തോട്ടത്തിന്റെ രക്ഷയെ ഉദ്ദേശിച്ച് ആദ്യകാലം കെട്ടിയുണ്ടാക്കിയിരുന്നതാണെന്നു പക്ഷെ വിശ്വസിക്കാവുന്ന ജാതി വേലിയുടെ സ്വഭാവവും ഘടനാസമ്പ്രദായവും കേവലം ഭേദിച്ച് അതു മുൾച്ചെടികളായി പടൎന്നുപിടിച്ചു, തോട്ടത്തെ അതിക്രമിച്ചു പ്രവേശിച്ച് അതിലെ വിശിഷ്ട തരുക്കളേയും ബാധിച്ചു ചുററിപ്പടൎന്നു, കണ്ടാൽ തിരിയാത്ത വിധത്തിൽ അവയെ അലംകോലപ്പെടുത്തി, അവയുടെ സൎവ്വ ഗുണങ്ങളും അപഹരിച്ച് ആകപ്പാടെ നോക്കിയാൽ പണ്ടുണ്ടായിരുന്ന ആരാമത്തെ പെരുവഴി മുടങ്ങ ദുൎഗ്ഗമമായ കഠിന കണ്ടകങ്ങൾ നിറഞ്ഞ ഭയങ്കരമായ ഒരു കാടാക്കിത്തീൎത്തിരിക്കുന്നു.

ഇതായിരുന്നു അരുവിപ്പുറം കുന്നിന്മേൽനിന്നു നോക്കിയ നാരായണഗുരുസ്വാമികൾ കണ്ട കേരളത്തിൻെറ സാമാന്യസ്ഥിതി.

ഈ നിലയിൽ അധഃകൃതരെന്നു പറഞ്ഞു തള്ളപ്പെട്ടവരുടെ സ്ഥിതി, നാട്ടുരാജാക്കന്മാരുടെ കീഴിൽ വിശേഷിച്ചും, അത്യന്തം പരിതാപകരമായിരുന്നു. അവർക്കു ശുചിയായി നടക്കാനോ, ഉടുക്കാനോ സൌകര്യവും സ്വാതന്ത്ര്യവും ഇല്ല. അവരുടെ ശരീരവും വസ്ത്രവും ഭക്ഷണവും അശുചിയുള്ളതായിരുന്നു. രാജവീഥികളിൽക്കൂടിയുള്ള സ്വച്ഛന്ദസഞ്ചാരംകൂടി അവർക്കു വിരോധിക്കപ്പെട്ടിരുന്നു. ഉയന്ന ജാതിക്കാരെന്ന് അഭിമാനിക്കുന്നവരെ ചിലക്കു തൊടുവാനും മററു ചിലക്ക് അടുക്കാനും വേറെ ചിലക്കു ദശിക്കുവാനും പാടില്ല. അവക്കു വിദ്യാഭ്യാസത്തിനു സൌകര്യമില്ല. അവർ കൊടുക്കുന്ന നികുതികൂടി ചെലവഴിച്ചു സക്കാരിൽനിന്നു നടത്തുന്ന പള്ളിക്കൂടങ്ങളിൽ അവക്കു പ്രവേശനമില്ല. സക്കാരുദ്യോഗത്തിന്ന് അവർ അപേക്ഷിക്കുമ്പോൾ, അവക്കു വിദ്യാഭ്യാസമില്ലെന്നുള്ള ന്യായം പറഞ്ഞ് അപേക്ഷകൾ ഉപേക്ഷിക്കുകയും ചെയ്യുന്നു. വല്ലവിധത്തിലും വിദ്യാഭ്യാസം കഴിച്ചവർ അപേക്ഷിച്ചാൽ സവർണ്ണ ജാതിക്കാരുടെ ഒന്നിച്ചിരുന്ന് ഉദ്യോഗം വഹിപ്പാൻ തക്ക മഹത്വം അവക്കില്ലെന്നു പ്രത്യക്ഷത്തിൽ പറഞ്ഞ് അവരെ സവിശേഷം അവമാനിക്കുന്നു. അവരേയും

ഹിന്ദുക്കളെന്നു പറയുന്നുണ്ടെങ്കിലും അവരുടെ മതാചാരവും ആരാധനക്രമവും ഏററവും നികൃഷ്ടമാണ്. അവർ ഗുളികൻ, കുട്ടിച്ചാത്തൻ, ചുടലമാടൻ, കരിങ്കാളി മുതലായ ദുഷ്ടമൂർത്തികളെ വെച്ചു പൂജിക്കുന്നു. മൃഗബലിയും മദ്യപാനവും ആരാധനയുടെ ചടങ്ങുകളിൽ പ്രധാനമായവയാണ്. അവരിൽനിന്നു നേർച്ചയായും വഴിപാടായും കിട്ടുന്ന പണത്തെ മോഹിച്ച്, അവരെ ആകർഷിക്കുന്ന ക്ഷേത്രത്തിൽ പോലും കടപ്പാനോ, ക്ഷേത്രത്തോട് അടുക്കാനോ പാടില്ല. അവൎക്കു പ്രസാദം എറിഞ്ഞുകൊടുക്കുന്നു. അതു് എടുത്തു പണവും കൊടുത്തു ഈശ്വരദൎശനം കഴിച്ചുവെന്നു വിശ്വസിച്ചു് അവൎണ്ണർ കൃതാൎത്ഥരാകുന്നു. ക്ഷേത്രങ്ങളിലേക്കു നേർച്ചയും മററും കൊണ്ടുപോകുമ്പോഴും ഈശ്വരനാമം ജപിക്കാൻ പാടില്ലെന്നു മാത്രമല്ല, ഈശ്വരൻ കൊടുത്ത നാവുകൊണ്ടു് ഒരിക്കലും ഉച്ചരിക്കാൻ പാടില്ലാത്ത ചീത്തവാക്കുകൾ പറകയും മനുഷ്യന്റെ മനസ്സിനെ കഴിയുന്നത്ര ദുർവിഷയങ്ങളിലേക്കു വലിച്ചിഴക്കത്തക്ക തെറിപ്പാട്ടുകൾ പാടുകയും ചെയ്യേണമെന്നുള്ളതു് ആചാരമായി അവരെക്കൊണ്ടു് അനുഷ്ഠിപ്പിക്കുന്നു. അവരുടെ കൎമ്മത്തിന്നു് ഒരിക്കലും ശുദ്ധിയുണ്ടാകരുതെന്നും തലമുറ തലമുറയായി അവർ ആ നികൃഷ്ടസ്ഥിതിയിൽത്തന്നെ ഇരിക്കേണമെന്നും ഉദ്ദേശിച്ചു സവൎണ്ണ ക്ഷേത്രങ്ങളുടെ പരിധിയൽവെച്ചു് അവരെക്കൊണ്ടു അനേകായിരം പക്ഷികളേയും മൃഗങ്ങളേയും വെട്ടിച്ചു രക്തം ചോരിയിക്കുന്നു.

നികൃഷ്ടാൽ നികൃഷ്ടതരമായ ഈ വക ആചാരങ്ങളെ നിർബ്ബന്ധമായി നടത്തുന്നത് ഏററവും ചുരുങ്ങിയ ഒരു ജനസംഘമാണെന്നുള്ളതു് അത്ഭുതമാണെങ്കിൽ, അവയെ അനുസരിച്ചു കീഴടങ്ങുന്നതു് ഏററവും വലിയ ഒരു ജനസംഘമാണെന്നുള്ളതു് അതിലും അത്ഭുതമല്ലയോ?

ലോകം മുഴുവൻ പരിഷ്കാരസൂര്യൻ പ്രകാശിച്ചുകൊണ്ടിരിക്കേ, ഇങ്ങിനെ കണ്ണുചിമ്മി മഹാന്ധകാരത്തിൽ തപ്പിക്കഴിയുന്ന ജന സമൂഹത്തെ ഉദ്ധരിക്കേണ്ടതു് എങ്ങിനേയാണെന്നു നാരായണഗുരുസ്വാമികൾ ആലോചിച്ചു.

ഇന്ത്യയിൽ ജാതിവ്യത്യാസം ഇല്ലാതാക്കുവാൻ അധഃകൃതരെ ഉദ്ധരിക്കുവാൻ പല മഹാന്മാരും വളരേക്കാലം മുതന്നെ പരിശ്രമിച്ചു പോന്നിരുന്നു. എന്നാൽ നാരായണഗുരുസ്വാമി കേരളത്തിൽ അതിന്നായി തുറന്നു കാണിച്ച പദ്ധതി വളരേ നവീനവും ഏററവും ഫലപ്രദമായി തീരാവുന്നതും ആണെന്നു ജാതിധ്വംസന പരിശ്രമത്തിൻെറ ശരിയായ ചരിത്രം അറിയുന്നവരൊക്കേ സമ്മതിക്കും.

അധഃകൃതൎക്കായി ഒരു പ്രത്യേക മതം ഏൎപ്പെടുത്തിക്കൊടുക്കുന്നതുകൊണ്ടു ഫലമില്ല. ബ്രഹ്മസമാജത്തിന്നാവട്ടെ, ആൎയ്യസമാജത്തിന്നാവട്ടെ, കേരളത്തിൽ, വിശേഷിച്ചും അപരിഷ്കൃതരായ ജനങ്ങളുടെ ഇടയിൽ, പ്രചാരം ലഭിക്കാതിരിക്കാനുള്ള കാരണം ഓൎക്കേണ്ടതാണ്. അഥ

വാ, തങ്ങൾക്കുള്ള അവശതകൾ മിക്കതും, ക്രിസ്തുമതത്തി ലോ മുസൽമാൻ മതത്തിലോ ചേരുന്ന മാത്രയിൽ നശി ക്കുന്നതാണെന്നുള്ള അനുഭവം ഉണ്ടായിട്ടും, ആ മാർഗ്ഗത്തെ അനുസരിക്കാത്തവരുണ്ടോ, ആ കാര്യത്തിൽ സംശയഗ്രസ്ത മായ മറെറാരു മതം സ്വീകരിക്കാൻ പോകുന്നു?

"തെളിച്ചതിലേ നടക്കുന്ന" സ്വഭാവമല്ല ഇവർക്കുള്ള തെന്നു സ്വാമികൾ കണ്ടു. അതുകൊണ്ട് "നടക്കുന്നതി ലെ തെളിക്കുകയാണു വേണ്ടതു്" എന്നു് അവിടുന്നു നിശ്ച യിച്ചു. അതെ, നടന്നതിലേ വിട്ടേക്കുകയല്ല, നടന്നതി ലേ തെളിക്കുക,—നയിക്കുക—സാവധാനത്തിൽ ബുദ്ധി പൂർവ്വം, ക്ഷോഭത്തിന്നോ വിപ്ലവത്തിന്നോ ഇടവരുത്താതെ, നയിച്ചു്, ഉദ്ദേശിച്ച സ്ഥലത്തു് എത്തിക്കുകയാണു വേണ്ട തെന്നു് അവിടുന്നു തീർച്ചയാക്കി. ഇതിന്നു് അനുസരിച്ചു് അവിടുന്നു ചെയ്തതു് എന്തായിരുന്നു?

"ഇന്ത്യയിൽ ജനതയെ ഉയർത്താനുള്ള വേലകളെ ല്ലാം മതസംബന്ധമായ അടിസ്ഥാനത്തിൽ ഉറപ്പിച്ചുകൊ ണ്ടുപോകണം," എന്നുള്ള വിവേകാനന്ദസ്വാമിയുടെ വി ലയേറിയ അഭിപ്രായംതന്നേയായിരുന്നു നാരായണ ഗുരു സ്വാമികൾക്കും ഉണ്ടായിരുന്നതു്. അവർണ്ണർക്കു മതമെന്ന പേരിനെ അർഹിക്കുന്ന ഒന്നില്ല. ഉള്ളതു നികൃഷ്ടമായ മ താനുഷ്ഠാനമായിരുന്നു. ഈ നിലയിൽ ഇവരുടെ മത പരിഷ്കാരം ഏതു വഴിയിൽക്കൂടിയായിരിക്കണം? സ്വാമി

കം ഏറ്റെടുത്തിയ വഴികളെപ്പററി പിന്നീട് ആലോചിച്ചുനോക്കുമ്പോഠം മാത്രമേ ആ വഴി തെളിഞ്ഞു കാണുന്നുള്ളൂ. അതു വിവരിക്കുന്നതിന്നുമുമ്പായ ഒരു കാര്യം നമ്മഠം ഓമ്മിച്ചിരിക്കേണ്ടതുണ്ട്.

ഒരു സന്ന്യാസിയും മഹാ യോഗിയും ആയിരുന്ന നാരായണ ഗുരുസ്വാമിക്കു ജാതിയുണ്ടായിരുന്നില്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. എന്നാൽ അവിടത്തെ ജന്മോദ്ദേശ്യം കേരളത്തിലെ അവണ്ണജാതിക്കാരുടെ ഉന്നമനമായിരുന്നതിനാൽ, അവിടുന്ന് ഇടപെട്ടു പ്രവത്തിക്കേണ്ടിവന്നതു് അവരുടെ ഇടയിലായിരുന്നു. അവണ്ണരിൽ മേലേകടയിൽ ഉള്ളതു് ഈഴവർ അല്ലേങ്കിൽ തീയ്യർ ആയിരുന്നു. തീയ്യർ മുഖാന്തിരം അവണ്ണോദ്ധാരണം സാധിക്കുന്നതിൽ സൌകര്യ്യമുണ്ടായിരുന്നു. താൻ ജനിച്ചു വളന്ന ജാതിയായതിനാൽ, അതിലെ അംഗങ്ങഠംക്കു സ്വാമിയോടു പ്രത്യേകം ഒരു അഭിമാനവും ഭക്തിയും ഉണ്ടായിരിക്കമെന്നും അതുകൊണ്ടു തന്റെ നിദ്ദേശങ്ങഠം അനുസരിക്കുന്നതിൽ ശുഷ്കാന്തി കാണിക്കുമെന്നും ഉള്ളതു സ്വാഭാവികമാണല്ലൊ. എന്നു മാത്രമല്ല, സവണ്ണജാതിക്കാർ, അവണ്ണരോടു ജാതവ്യത്യാസത്തെ അടിസ്ഥാനമാക്കി കാണിക്കുന്ന അന്യായത്തിന്നും നിഷ്ഠ്യതത്തിന്നും അനുസരിച്ചുതന്നെ, തീയ്യർ അവരുടെ കീഴിലുള്ളവരോടും കാണിച്ചിരുന്നു. ആ നിലയിൽ തീയ്യരെ വിട്ടു് അവരുടെ കീഴിലുള്ളവരോടു ചേന്നു

പ്രവൎത്തിച്ചിരുന്നുവെങ്കിൽ തന്റെ ഉദ്ദേശസാദ്ധ്യത്തിന്നു പലവിധ തടസ്ഥങ്ങളും സംഭവിക്കുന്നതാണെന്നു ബുദ്ധിമാനായ അവിടുന്നു കണ്ടു. സവൎണ്ണരുടെ ഒന്നിച്ചു ചേൎന്നു ജാതിധ്വംസനത്തിന്നു ശ്രമിക്കുന്നവൎക്കു് അവരുടെ ഇടയിൽ സ്ഥാനമുണ്ടാകയില്ലെന്നുള്ള ഭയം ഇന്നോളത്തെ ഇന്ത്യൻ നേതാക്കളെയൊക്കെ ബാധിച്ചിട്ടുള്ളതാണല്ലോ. സവൎണ്ണരോടു് അവൎണ്ണരെ യോജിപ്പിക്കുവാൻ സാധിക്കുന്നതിൽ എത്രയും എളുപ്പത്തിൽ തീയ്യരോടു് അവരുടെ കീഴിലുള്ളവരെ യോജിപ്പിക്കുവാൻ സാധിക്കുന്നതുമാണു്. ഈ എല്ലാ പരമാൎത്ഥങ്ങളും ആലോചിച്ചാണു, സ്വാമികൾ ഈഴവരുടെ ഇടയിൽ ചേൎന്നു് അവരെ ആയുധമാക്കി മത പരിഷ്കാരത്തിന്നും സമുദായ പരിഷ്കാരത്തിന്നും പരിശ്രമിച്ചതു്. എന്നാൽ ആരംഭംമുതൽ തന്റെ സമാധികാലംവരെ, താൻ ഏതെങ്കിലും ഒരു പ്രത്യേക ജാതിക്കുള്ള ആളാണെന്നു സ്വാമികൾ സ്മരിക്കകൂടി ചെയ്തിരുന്നില്ലെന്നു നമ്മൾ ഓൎമ്മിക്കേണ്ടതാകുന്നു.

ഒരു മാററം ഉണ്ടായിരിക്കുന്നുവെന്നുള്ള അറിവില്ലാതെ നന്മയിലേക്കുണ്ടാകുന്ന മാററമാണു സ്ഥിരമായ അഭിവൃദ്ധിമാൎഗ്ഗത്തിലേക്കു മനുഷ്യരെ നയിക്കുന്നതു്. തീയ്യരാദികളുടെ മതാചാരം നികൃഷ്ടവും പൈശാചികവും ആയിരുന്നു. എന്നാൽ അങ്ങിനേയുള്ള ആചാരങ്ങളെ അനുഷ്ഠിക്കുന്നതോടുകൂടിത്തന്നെ, അവർ അതിനേക്കാൾ ഉത്ത

മമായ ആരാധനക്രമത്തെ ആശിക്കുന്നുണ്ടെന്നു് അവരു ടെ പ്രവൃത്തികൊണ്ടു് തെളിയിച്ചു. ഉത്തമാരാധനകൾ നടക്കുന്ന സവർണ്ണക്ഷേത്രങ്ങളിൽ, അവർ തീണ്ടപ്പാട് ദൂരത്തു മാത്രമെ പ്രവേശിക്കുവാൻ അനുവാദമുള്ളുവെങ്കിലും അവിടങ്ങളിൽ പോയി വഴിവാടുകൊടുത്തു തൃപ്തിപ്പെടുന്നു. നിരക്ഷരകക്ഷികൾ മാത്രമല്ല, സാമാന്യം വിദ്യാഭ്യാസം സിദ്ധിച്ചവർ പോലും അങ്ങിനെ ചെയ്യുന്നു. ഈ മാർഗ്ഗത്തിൽക്കൂടിയാണു് അവരുടെ മതപരിഷ്കാരത്തിൽ പ്രവർത്തിക്കേണ്ടതെന്നു സ്വാമി തീർച്ചപ്പെടുത്തി. അങ്ങിനെയാണു് അരുവിപ്പുറത്തു ക്ഷേത്രസ്ഥാപനത്തിന്നുള്ള ഏർപ്പാടു ചെയ്തതു്. ഇതിനെപ്പറ്റിയുള്ള വിവരണം കുമാരനാശാൻ അവർകളുടെ ഭാഷയിൽ വായിച്ചറിയുകതന്നേയാണു് അധികം നല്ലതെന്നു വിചാരിച്ചു് പഴയ "വിവേകോദയ"ത്തിൽ നിന്നു് ആ ഭാഗം താഴെ ഉദ്ധരിക്കുന്നു:—

"ആ താരുണ്യദശയിൽ പ്രകൃത്യാ സുമുഖനും ശാന്തഹൃദയനും ആയ സ്വാമി ഏതു ജനക്കൂട്ടത്തിന്നിടയിൽ കാണപ്പെട്ടാലും യോഗശക്തികൊണ്ടു് ഉജ്ജ്വലമായ മുഖത്തുള്ള പ്രത്യേക തേജോവിശേഷം അവിടുന്നു് ഒരു അമാനുഷനാണെന്നു വിളിച്ചു പറയുമായിരുന്നു. സ്വാമി ജനങ്ങളുടെ ഇടയിൽനിന്നു തെററി ഒഴിഞ്ഞു് ഏകാന്തമായി സഞ്ചരിക്കുക സാധാരണമായിരുന്നു. അക്കാലത്തു കുഗ്രാമങ്ങളിലോ നഗരങ്ങളിലോ അദ്ദേഹത്തെ കണ്ടെത്തിയാൽ ഒരു

വലിയ പുരുഷാരം ചുററും കൂട്ടുക പതിവാണ്. സ്വാമി അക്കാലത്തു സംസ്കൃതത്തിലും, മലയാളത്തിലും അതിമനോഹരങ്ങളായ പല സുബ്രഹ്മണ്യ സ്തോത്രങ്ങളും എഴുതീട്ടുണ്ട്. അന്നു പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ പുതിയ ആവിർഭാവത്തോടുകൂടി നാട്ടിൽ ബാധിച്ചിരുന്ന നാസ്തിക വിചാരങ്ങൾക്കു സ്വാമിയുടെ ജീവിതം തന്നെ പലക്കും ഒരു പരിഹാരമായിരുന്നു എന്നുള്ളതും പ്രസ്താവയോഗ്യമാണ്.

"ഈ ഇടയിൽ കുറേക്കാലം സ്വാമി ഭക്ഷ്യപേയങ്ങളെ സംബന്ധിച്ച ജാതിഭേദമോ വകഭേദമോ വിചാരിക്കാതെ, കൊടുക്കുന്നവരുടെ കൈയ്യിൽനിന്നു കിട്ടുന്നതെല്ലാം വാങ്ങി കഴിച്ചിരുന്നു. ഇങ്ങിനെ ചില വിഷ ഭക്ഷണങ്ങൾ പോലും സ്വാമി ഭക്ഷിച്ചിട്ടു യാതൊരു വ്യാപത്തും ഉണ്ടാകാതിരുന്നതായി കേട്ടിട്ടുണ്ട്.

"ഇങ്ങിനെ ഇരിക്കുമ്പോഴാണ്, 1060-ാം ആണ്ടിടയ്ക്കു ഒരു കാട്ടുപ്രദേശമായിരുന്ന അരുവിപ്പുറം സ്വാമി സന്ദർശിച്ചത്. ജനവാസമില്ലാത്ത ആ സ്ഥലത്തെ മനോഹരമായ നദീപ്രവാഹം പാറകളിൽ തട്ടിത്തെറിച്ചുണ്ടാകുന്ന ഗംഭീരമായ മുഴക്കവും കരയിലെ പാറ ഇടുക്കുകളും മണൽ തിട്ടകളും രണ്ടുവശത്തുമുള്ള ഉന്നതങ്ങളായ കുന്നുകളും വൃക്ഷലതാദികൾ നിറഞ്ഞു പച്ചനിറമായ കാടുകളും ഏകാന്ത പ്രിയനായ സ്വാമിയെ സാമാന്യത്തിലധികം ആകർഷിച്ചു.

സ്വാമി ചില അവസരങ്ങളിൽ അവിടെയുള്ള പാറ ഇടുക്കുകളിൽ അനേക ദിവസം തുടൎന്നുകൊണ്ടു യാതൊരു ആഹാരവും കൂടാതെയും താൻ അവിടെയുള്ള വിവരം ആരും അറിയാതെയും കഴിച്ചുകൂട്ടീട്ടുണ്ട്. ക്രമേണ ജനങ്ങൾ സ്വാമിയുടെ അവിടെയുള്ള സഞ്ചാരത്തേയും സങ്കേതസ്ഥലങ്ങളേയും മനസ്സിലാക്കി. ചില ഭക്തന്മാർ അടുത്ത ഗ്രാമത്തിൽനിന്നു ചിലപ്പോഴെല്ലാം ഭക്ഷണങ്ങൾ കൊണ്ടുവന്നു കൊടുത്തു തുടങ്ങി. ഇതിന്നുശേഷം അരുവിപ്പുറം അധിക കാലം ഒരു ഏകാന്ത സ്ഥലമായിരുന്നില്ല. പല ദിക്കുകളിൽനിന്നും സ്വാമിയെ അന്വേഷിച്ചു ആളുകൾ അവിടെ എത്തിത്തുടങ്ങി. രോഗം ശമിപ്പിക്കുകയും ഭൂതങ്ങളെ ഒഴിക്കുകയും ഉപദേശം നൽകുകയും ശാസ്ത്രങ്ങൾ പറഞ്ഞുകൊടുക്കുകയും മററു പ്രകാരത്തിൽ സാധുക്കളെ അനുഗ്രഹിക്കുകയും ചെയ്യുന്ന ഭാരം ആ വിജനത്തിലും സ്വാമിയെ പിൻതുടൎന്നു. സ്വാമിയുടെ ദൂരദൎശനം പരഹൃദയജ്ഞാനം മുതലായ സിദ്ധികളുടെ പല ദൃഷ്ടാന്തങ്ങൾ അക്കാലത്തു ജനങ്ങൾ അനുഭവിച്ചറിഞ്ഞിട്ടുള്ളതാണ്. നാനാജാതിക്കാരായ പല ഭക്തന്മാർ സ്വാമിയെ സന്ദൎശിപ്പാൻ അവിടെ വരികയും അവരിൽ ചിലർ സ്വാമിയുടെ ശിഷ്യന്മാരായിത്തീരുകയും ചെയ്തു. പല ദിക്കുകളിലുമുള്ള ഭക്തന്മാരായ ഗൃഹസ്ഥന്മാർ അരിമുതലായ സംഭാരങ്ങളോടുകൂടി അവിടെ വന്നു സ്വാമിക്കും കൂടെയുള്ളവൎക്കും സൽക്കാരം കഴിച്ചു മടങ്ങിപ്പോകുക പതിവായിരുന്നു.

ഇങ്ങിനെ സ്വാമിയുടെ സാന്നിദ്ധ്യംകൊണ്ടുതന്നെ അവിടം വേഗത്തിൽ ഒരു പുണ്യസ്ഥലമായി പരിണമിച്ചു. സ്വാമി ഇല്ലാത്ത സമയങ്ങളിൽ കൂടിയും ആളുകൾ അവിടെ വന്നു സ്നാനം ചെയ്തു തൊഴുതു പോകുവാൻ തുടങ്ങി. അതിന്റെ ശേഷം അവിടെ ഒരു ആരാധന സ്ഥലം ഉണ്ടായിരുന്നാൽ കൊള്ളാമെന്നു സ്വാമി ചിലരോടു പറകയും അങ്ങിനെ എന്തെങ്കിലും ചെയ്യുന്നതിൽ തനിക്കുള്ള ആഭിമുഖ്യത്തെ പതിവായി, തന്നെ വന്നു കാണുന്ന ഭക്തന്മാരായ ചില ചെറുപ്പക്കാരോടു സൂചിപ്പിക്കുകയും ചെയ്തു. 1063-ാം ആണ്ടത്തെ ശിവരാത്രി സമീപിച്ചാണു സ്വാമിയുടെ ഈ അഭിലാഷം പുറത്തായതു്. വിഗ്രഹങ്ങൾ ഉണ്ടാക്കുവാനോ ക്ഷേത്രങ്ങളോ കെട്ടിടങ്ങളോ പണിയിക്കുവാനോ ആ കാട്ടു പ്രദേശത്തു യാതൊരു സൌകര്യങ്ങളും ഉണ്ടായിരുന്നില്ല. സ്വാമി അതൊന്നും ആവശ്യപ്പെട്ടുമില്ല. നദിയുടെ കിഴക്കേതീരത്തുള്ള ഒരു പാറയെ പീഠമായി സങ്കല്പിച്ചു അതിന്മേൽ, ഏതാണ്ടു ഒരു ശിവലിംഗാകൃതിയിൽ ആററിൽ കിടന്ന ഒരു ശിലാഖണ്ഡമെടുത്തു ശിവരാത്രി ദിവസം പ്രതിഷ്ഠ നടത്താനാണു സ്വാമിയുടെ ഭാവമെന്നറികയും അടുത്തുള്ള ജനങ്ങൾ തങ്ങളാൽ കഴിയുന്ന ചില ചെറിയ ഒരുക്കങ്ങൾ അതിന്നായി ചെയ്കയും ചെയ്തു. സ്വാമി ഇരിക്കുന്നതായി അറിഞ്ഞു ഏതാനും വ്രതക്കാരും ഭജനക്കാരും ശിവരാത്രി നാൾ ഉറക്കം ഇളയ്ക്കാനായി അവിടെ കൂടി. പ്രതിഷ്ഠയുടെ സംഭാരമായി

ഉണ്ടായിരുന്നതു കുറെ പുഷ്പങ്ങളും വിളക്കുകളും നാഗസ്വരവായനയും മാത്രമായിരുന്നു.* പീഠമായി സങ്കല്പിച്ചിരുന്ന പാറയുടെ മീതെ, ഒരു ചെറിയ പന്തൽ കെട്ടിയിരുന്നു. അർദ്ധരാത്രിയോടുകൂടി, സ്വാമി സ്നാനം ചെയ്തുവന്നു അതിനകത്തുകടന്നു. പ്രതിഷ്ഠകാലത്തു ശിലയെ കൈയ്യിലെടുത്തു ധ്യാനിച്ചുകൊണ്ടു രാത്രി മൂന്നു മണിവരെ ഒരേ നിലയിൽ നിന്നു. സ്വാമിയുടെ തേജോമയമായ മുഖത്തു് ആ സമയം അശ്രുധാരകൾ പ്രവഹിച്ചുകൊണ്ടിരുന്നു. കാണികൾ ഭക്തിപരവശരായി പഞ്ചാക്ഷര മന്ത്രം ഉച്ചത്തിൽ ജപിച്ചു് ഏകമനഃസ്സോടെ ചുററും നിന്നു. മൂന്നു മണിക്കു ശിലയെ സ്വാമി പീഠത്തിൽ പ്രതിഷ്ഠിച്ചു അഭിഷേകം ചെയ്തു. ആ സമയത്തു ചില അത്ഭുതങ്ങൾ കണ്ടിട്ടുള്ളതായി പലരും പറയുന്നു. ഇങ്ങിനെയാണു സ്വാമിയുടെ മതസംബന്ധമായ സ്ഥാപനങ്ങളിൽ ആദ്യത്തേതായ അരുവിപ്പുറം ക്ഷേത്രം ആരംഭിച്ചതു." ഇതാണ് അരുവിപ്പുറം പ്രതിഷ്ഠയെപ്പററിയുള്ള കുമാരൻ ആശാൻ അവർകളുടെ വിവരണം.

സ്വാമികൾ ഈ ചെയ്തതെന്താണെന്നും, അതുകൊണ്ടു സാധിച്ചതെന്താണെന്നും ഗാഢമായി ആലോചിച്ചവർ നമ്മളുടെ ഇടയിൽ എത്രയുണ്ടു്? ഹിന്ദുക്കളുടെ ഇടയിൽഅനേകായിരം കൊല്ലമായി പടർന്നു പിടിച്ചു ബലമായി വേരൂന്നിക്കിടന്നിരുന്ന ബ്രാഹ്മണ മേധാവിത്വ

ത്തെ മരടോട്ടുകൂടി വെട്ടിമുറിക്കുവാൻ ഉപയോഗിച്ച കോടാലിയായിരുന്നു ഈ പ്രതിഷ്ഠയെന്ന് എത്ര പേർ മനസ്സിലാക്കീട്ടുണ്ട്? ഹിന്ദു മതത്തിൽ വിവരിച്ചിരിക്കുന്ന സർവ്വ വൈദിക കർമ്മങ്ങളും ചെയ്യാൻ അധികാരപ്പെട്ടവർ ബ്രാഹ്മണർ മാത്രമാണല്ലൊ. സവർണ്ണരാകട്ടെ അവർണ്ണരാകട്ടെ വൈദിക കർമ്മങ്ങൾ ആവശ്യമായി വരുമ്പോൾ ബ്രാഹ്മണൻെറ സഹായം തേടുന്നു. ബ്രാഹ്മണൻ ചെയ്യാതിരുന്നാൽ ആത്തരം കർമ്മങ്ങൾക്കു ഫലമില്ലെന്ന് എല്ലാ ഹിന്ദുവും സർവ്വാത്മനാ വിശ്വസിക്കുന്നു. ബ്രാഹ്മണന്നുള്ള വൈദിക കർമ്മാധികാരങ്ങളിൽവെച്ച് ഏററവും പ്രധാനമായതാണു ക്ഷേത്ര പ്രതിഷ്ഠ. ക്ഷേത്ര പ്രതിഷ്ഠക്കുള്ള അധികാരം ബ്രാഹ്മണന്നു മാത്രമാണ്; അതിൻെറ രഹസ്യവും ബ്രാഹ്മണന്നെ അറിഞ്ഞുകൂടു. അങ്ങിനെയാണു ബ്രാഹ്മണൻ ഈശ്വരന്നും മനുഷ്യന്നും മദ്ധ്യത്തിലുള്ള ഭൂദേവനായിത്തീൎന്നതു്. എന്നാൽ ഇതൊക്കെ തെററിദ്ധാരണയാണെന്നു കാണിച്ചുകൊടുക്കുകയും അതിൻെറ രഹസ്യം തെളിയിച്ചുകൊടുക്കുകയും ആണു ധീരനായ നാരായണ ഗുരുസ്വാമി മേല്പറഞ്ഞ പ്രതിഷ്ഠകൊണ്ടു സാധിച്ചതു്. വൈദിക പരിജ്ഞാനം മാത്രമല്ല, ബ്രഹ്മജ്ഞാനം തന്നേയും ജാതിവ്യത്യാസമില്ലാതെ ഏതു മനുഷ്യന്നും സാധിക്കാവുന്നതാണെന്നും സ്വാമികൾ അതു വഴിയായി പ്രത്യക്ഷപ്പെടുത്തി കാണിച്ചുകൊടുത്തു. ഇതു

ബ്രാഹ്മണ്യ മേധാവിത്വത്തിൻെറ നേരെ പ്രയോഗിച്ച കോടാലിയല്ലാതെ മറെറന്താണ്?.

സ്വാമികളുടെ ശക്തിയും യോഗ്യതയും മനസ്സിലാക്കാതെയും അവിടുത്തെ പ്രവൃത്തിയുടെ ഉദ്ദേശം ധരിക്കാതെയും ആയിരുന്ന അന്ന് ഈഴവ പ്രമാണികളിൽ ചിലർ ബ്രാഹ്മണർക്കല്ലാതെ ശിവപ്രതിഷ്ഠ ചെയ്യാൻ പാടില്ലെന്നു പറഞ്ഞുകൊണ്ടു തൻെറ ഉദ്യമത്തിൽനിന്ന് അവിടുത്തെയെ വിരമിപ്പിക്കുവാൻ ശ്രമിച്ചത്. സ്വാമിയുടെ ശക്തിയും യോഗ്യതയും മനസ്സിലാക്കിയും അവിടുത്തെ പ്രവൃത്തിയുടെ ഉദ്ദേശം ധരിച്ചും ആയിരുന്ന ഒരു ബ്രാഹ്മണൻ സ്വാമിയോട്, "ബ്രാഹ്മണർക്കല്ലാതെ ശിവപ്രതിഷ്ഠ ചെയ്യാൻ വിധിയുണ്ടോ?" എന്നു ചോദിച്ചത്. ഈഴവ പ്രമാണികളുടെ പ്രതിഷേധത്തെ തൻെറ മനശ്ശക്തികൊണ്ടു ജയിച്ചു. ബ്രാഹ്മണൻെറ വായ "ഞാൻ ഈഴവശിവനെയാണല്ലോ പ്രതിഷ്ഠിച്ചത്" എന്ന് ഉടനടിയുള്ള പ്രത്യുത്തരംകൊണ്ട് അടെച്ചു.

മറെറാരാൾക്കു തങ്ങളിൽ മേധാവിത്വം ഇല്ലെന്നു സ്ഥാപിച്ചുകഴിഞ്ഞാൽ, അതിന്ന് അനുക്രമമായി ഉണ്ടാകേണ്ടതു "അവനവൻ അവനവൻെറ കാലിന്മേൽ നില്ക്കണം" എന്നുള്ളതാണല്ലൊ. അവരെ അതിന്നായി പരിശീലിപ്പിക്കുവാനും, അതിന്നു വേണ്ടുന്ന ധീരതയും സ്വാഭിമാനവും അവരിൽ ജനിപ്പിക്കുവാനും, സ്വാമികൾ

ചെയ്യുതിന്നെപ്പററി അറിയുന്നതിന്നുമുമ്പിൽ അവിടുന്നു ജനങ്ങളുടെ ഭക്തി വിശ്വാസങ്ങൾ സമ്പാദിക്കുവാൻ ഇടവരുത്തിയ ചില അനുഭവങ്ങളെപ്പററി അറിഞ്ഞിരിക്കേണം.

ചില അനുഭവങ്ങൾ

കുമാരനാശാൻ അവർകൾ എഴുതിയ ജീവചരിത്ര സംഗ്രഹത്തിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു:—"സ്വാമിയുടെ ദൃഢമായ ബ്രഹ്മചര്യവും തപസ്സും യോഗവും ക്രമേണ അത്ഭുതതരങ്ങളായ ഫലങ്ങളെ പ്രദർശിപ്പിച്ചുതുടങ്ങി. ചെല്ലുന്ന ദിക്കിലെല്ലാം കുഷ്ഠം മുതലായ മഹാരോഗങ്ങൾ പിടിപെട്ടവർ സ്വാമിയുടെ അടുക്കൽ വന്നുചേരുകയും ഏതെങ്കിലും ഒരു പച്ചിലയോ എന്തെങ്കിലും ഒരു ഭക്ഷണസാധനമോ എടുത്തു കൊടുത്ത് അവരുടെ രോഗങ്ങളെ സ്വാമി സുഖപ്പെടുത്തുകയും ചെയ്തിരുന്നു. ബ്രഹ്മരക്ഷസ്സ്, അപസ്മാരം മുതലായ ഉപദ്രവത്താൽ വളരെക്കാലം കഷ്ടത അനുഭവിച്ചിരുന്ന രോഗികൾക്കു, സ്വാമിയുടെ ദർശനമാത്രത്താൽത്തന്നെ, പൂർണ്ണസുഖം കിട്ടീട്ടുണ്ട്. അനവധി കുട്ടിച്ചാത്തന്മാരുടെ ഉപദ്രവങ്ങളേയും സ്വാമി വിലക്കി മാററീട്ടുണ്ട്. നാനാ ജാതിക്കാരായ ഹിന്ദുക്കളുടെ ഇടയിൽ പല മാന്യതറവാടുകളിലും ഉള്ള വന്ധ്യകൾ സ്വാമിയുടെ കൈ